# ക്നാനായ ദീപം

KNANAYADEEPAM

SINCE 1989

Vol: 31 / Issue: 3 March 2020 ₹ :15/-



# 2 –ാം ചരമവാർഷികം

**31 – 03 – 2020**



# കുഞ്ഞൂഞ്ഞമ്മ കളത്തിൽ

## മാധവൻപടി, കോട്ടയം

സ്നേഹസ്മരണകളോടെ,

**ഭർത്താവ് : തോമസ് തോമസ് (തോമസ് കുട്ടി)**

**മക്കൾ : ഷാജി തോമസ്, ഷിജു തോമസ്, ഷെറിൻ തോമസ്**

**മരുമക്കൾ : നിഷാ, ജസീനാ, അൻസു**

**കൊച്ചുമക്കൾ : ലിയാ, ലിവിയാ, ക്രിസ്റ്റാ, അച്ചു, ഹന്നാ**

Advt - R

SINCE 1989

# ക്നാനായ ദീപം

2020 മാർച്ച് പുസ്തകം 31 ലക്കം 3

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

പുനർ സൃഷ്ടിക്കാം സമൃദ്ധിയായ ജീവന്റെ ഇടങ്ങൾ 08
ഡോ. സുനിൽ ഡി. കുരുവിള

വന്ദ്യ. കൊച്ചുപറമ്പിൽ കെ. സി. ആൻഡ്രൂസ് കോർ എപ്പിസ്ക്കോപ്പ 10
ഫാ. ജിബിൻ പെരുംകണ്ണാരിൽ

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജെയിംസ് തോടത്തിൽ

ദൈവരാജ്യം നിങ്ങളുടെ ഉള്ളിലാണ് 18
ഡോ. ഐബി ജോസ്

ഇങ്ങനെയും ജീവിതം 20
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

സുഖാർ ധ്യാനകേന്ദ്രം 21
കെ. കെ. കുര്യൻ തൈപ്പറമ്പിൽ

നോമ്പ്: തിരിച്ചറിവും പരിണാമവും യാഥാർത്ഥ്യമാക്കേണ്ട കാലം 22
ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകംപള്ളിൽ

23 കള്ളൻമാരുടെ ഗുഹ
ജേക്കബ് ജോസ് മണിമലേത്ത്

24 ചെറുകഥ - പൊൻമോതിരം
ഏബ്രഹാം കല്ലിശ്ശേരി

26 മലർവാടിക്കൂട്ടം

26 ബാലദീപം ക്വിസ്

39 പ്രസംഗദീപം
ഫാ. റോയി മാത്യൂസ് കോറെപ്പിസ്ക്കോപ്പ

41 മല്പാനോട് ചോദിക്കാം

42 സുറിയാനി സഭയിൽ കുമ്പസാരത്തിന്റെ പ്രസക്തി
ലീലാമ്മ ഏബ്രഹാം പാലക്കുടി

43 സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവർ
സാറാമ്മ തുണ്ടിയിൽ

44 കാൽപ്പാടുകൾ
എബി

45 മാട്രിമോണിയൽ

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

**Visit www. knanayadeepam.com**

# editorial



## എഡിറ്റോറിയൽ

ആധുനിക ലോകത്തിൽ സകലവിധ നന്മകളും നമ്മുടെ ഉടയവനും സൃഷ്ടാവുമായ ദൈവത്തിങ്കൽ നിന്നത്രേ നാം പ്രാപിക്കുന്നത്. മനുഷ്യചിന്തയ്ക്കതീ തമായ മഹത്വപൂർണ്ണ നത്രേ ദൈവം. അവൻ പരിപൂർണ്ണനും പരിശുദ്ധനും നീതി തന്റെ സ്വഭാവം ആക്കിയിട്ടുള്ളനുമത്രേ. അവൻ സർവ്വശക്തി യും അധികാരവും നന്മയും ജ്ഞാനവും ആയിരിക്കുന്ന തിനുപരി സ്നേഹസ്വരൂപിയുമാണ്. ഇത്ര മഹാനും ശക്ത നും മഹത്വപൂർണ്ണനും ആയി ദൈവം നമ്മെ ഓരോരുത്തരേ യും വാത്സല്യപൂർവ്വം കരുതുന്നു. പ്രസ്തുത സ്നേഹത്തി ന്റെ ബാഹ്യപ്രകടനമായി സ്വന്തപുത്രനേയും ആദരിക്കാതെ നമ്മുടെ പാപത്തിനു പരിഹാരമായി ക്രൂശിൽ മരിക്കുവാൻ ഏൽപ്പിച്ചു. ഈ ദൈവപുത്രന്റെ അവർണ്ണനീയമായ താഴ്മ യും, ത്യാഗവും അനുസരണവും കണക്കിൽ എടുത്തുകൊ ണ്ട് ദൈവം അവനെ മരിച്ചവരിൽ നിന്നും ആദ്യഫലമായി ഉയർത്തെഴുന്നേൽപിക്കയും സർവ്വചരാചരങ്ങളുടെയും മേലും സകല ലോകങ്ങൾക്കും അധികാരി ആക്കിവയ്ക്കു കയും ചെയ്തു. ഉയർത്തെഴുന്നേറ്റ യേശുക്രിസ്തുവിനെ അന്തമി ല്ലാത്ത ലോകങ്ങളുടെ ഭരണാധിസ്ഥാനം പിതാവ് ഭരമേല്പിച്ചു. അവൻ യേശുവിനെ അധികാരവും മഹത്വവും അണിയിച്ചു. ഈസ്റ്ററിന്റെ ആനന്ദദായകമായ അനുഭവം നുകരുന്നതിനു മുമ്പ് ഒരു വ്രതാനുഷ്ടാനം സഭ ഏർപ്പെടു ത്തിയത് അർത്ഥ ഗർഭം തന്നെ. അമ്പതുനോമ്പും ഈസ്റ്ററും ചേർന്നു ക്രിസ്തീയ ആരാധനയുടെ ബാഹ്യഭാവസ്ഫു ടമായ രീതിയിൽ പ്രദർശിപ്പിക്കുവാൻ സാധിക്കും. ക്രിസ്തീയ ആരാധന കേവലം വ്യക്തിഗതമായ ക്രിയ മാത്രമല്ല. വ്രതാ നുഷ്ഠാനങ്ങളും ആത്മാപരി ത്യാഗപരമായ ഉപവാസം തുട ങ്ങിയവും സമസൃഷ്ടങ്ങളെപ്പറ്റിയുള്ള കരുതലിലേക്കും പരിചിന്തനത്തിലേക്കും വഴിനടത്തക്കവിധമാണ് ഉദ്ദേശിക്ക പ്പെട്ടിരിക്കുന്നത്. പാപമുക്തിയുടെയും രക്ഷയുടെയും ആനന്ദപ്രദമായ ഒരു ഘട്ടത്തിലേക്കുള്ള പ്രവേശനത്തിന്റെ തയ്യാറെടുപ്പായിട്ടാണ് നോമ്പിനെ നാം പരിഗണിച്ചുപോന്ന ത്. ജീവിതത്തിന്റെ ദ്രുതഗതിയിലുള്ള ഓട്ടത്തിൽ നാം യന്ത്ര സമാനം കൂട്ടു ചേർന്നു പ്രവർത്തിക്കുകയാണോ, അതോ വിവേക ബുദ്ധിയുള്ള മനുഷ്യരെന്ന നിലയിൽ വിവേചന പൂർവ്വം ചിന്തിച്ചു ത്യജിക്കേണ്ടതിനെ ത്യജിക്കുകയും കൊ ള്ളേണ്ടതിനെ കൊള്ളുകയും ചെയ്യാൻ ഈ അമ്പതുനോമ്പു കാലത്ത് നമുക്ക് കഴിയുമോ. അതിന് ഒരു ശ്രമം നടത്തി ഉയിർപ്പു പെരുന്നാളിനെ എതിരേല്പാൻ ഇടയാകട്ടെ. ഉയർ ത്തെഴുന്നേറ്റ ക്രിസ്തുവിനെക്കുറിച്ച് വിശുദ്ധ പൗലോസ് പ്രസ്താവിക്കുന്നത്. (ഫിലി. 2:5–11).

“ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടാ യിരിക്കട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോ ടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരി ക്കാതെ ദാസരൂപം എടുത്തു മനുഷ്യനായി വിളങ്ങി. തന്നെ ത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ. അനുസരണമുള്ളവനായിത്തീർന്നു. അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായ നാമം നൽകി. സ്വർലോകരുടെയും ഭൂലോകരുടേ യും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശു ക്രിസ്തു കർത്താവ് എന്ന് ഏറ്റു പറകയും ചെയ്യണം.”

യേശുക്രിസ്തുവിൽ കൂടെ ആത്മാവിനെയും സമൃദ്ധി യായ ജീവനേയും, ദൈവീക സ്വഭാവത്തെയും പ്രാപിക്കു വാൻ ദൈവം നമ്മേ സഹായിക്കുന്നു. അങ്ങനെ നാം ക്രിസ് തുവിന്റെ കൂട്ടവകാശികളായിത്തീരുന്നു. പുനരുത്ഥാനത്താൽ ദൈവമക്കളായി നാം അവനോടുകൂടെ പരിലസിക്കും. യേശു ക്രിസ്തു അനേക സഹോദരന്മാരിൽ ആദ്യ ജാതനത്രേ. അവനിൽ കൂടെ നാം കൂട്ടവകാശിത്വം ഏറ്റുവാങ്ങി സർവ്വ ലോകത്തിനും അവകാശികളായിത്തീരു കയാണ്. ഇത് ഗ്രഹിപ്പാൻ നിങ്ങൾക്ക് കഴിയുമോ? അവനുള്ളതിലെല്ലാറ്റിലും നമുക്ക് പങ്കു ലഭിക്കുന്നു. അതിന്റെ ഒരു ഭാഗം എന്നവണ്ണം ഈ താല്കാലിക ജീവിതത്തിലും എല്ലാ നന്മകളും ദൈവ ത്തിങ്കൽ നിന്നും നാം പ്രാപിക്കുന്നു. നമ്മുടെ ഈ ബലഹീന ജീവിതത്തിൽ ആ മഹത്വപൂർണ്ണനായ ദൈവത്തിൽ നിന്ന് ജ്ഞാനവും, ശക്തിയും പ്രാപിക്കുന്നതോടൊപ്പം ശാരീരി കമായ പരിപാലനവും സൗഖ്യവും സമാധാനവും അപകട ങ്ങളിൽ നിന്നുള്ള വിടുതലും അവൻ നമുക്ക് നൽകുന്നു. മാത്രമല്ല അവന്റെ ദൈവീകമായ സ്നേഹവും, വിശ്വാസവും ക്ഷമ, ഉറപ്പ്, നന്മ, വിജയിപ്പാനുള്ള ശക്തി എന്നിവയും അവൻ നമുക്ക് ഔദാര്യമായി പകർന്നു തരുന്നു.

അവനിൽ നിന്നു മാത്രം നാം സുഖവും സന്തോഷവും അനുഭവിക്കുന്നു. പരിജ്ഞാനം നാം പ്രാപിക്കുന്നു. ജീവിതോ ദ്ദേശം നാം ഗ്രഹിക്കുന്നു. സത്യത്തിന്റെ മാർഗ്ഗം നാം പ്രാപി ക്കുന്നു. നന്മയും പൂർണ്ണതയുമുള്ള ദൈവഹിതം നാം തിരി ച്ചറിയുന്നു.

നമ്മുടെ അപേക്ഷ കേൾക്കാതവണ്ണം അവന്റെ ചെവി മന്ദമായിട്ടില്ല. നമ്മെ സഹായിക്കാൻ കഴിയാതവണ്ണം അവന്റെ കൈ കുറുകിപ്പോയിട്ടില്ല. എന്നാൽ നമ്മുടെ പാപമത്രേ അവ നെ നമ്മോട് അകറ്റുന്നത്.

ആധുനിക ലോകം ദൈവീക കൂട്ടായ്മയിൽ നിന്ന് അകന്നു പൊയ്ക്കൊണ്ടിരിക്കുന്നു. എന്നാൽ ഇനി ഒരിക്കലും അടുത്തു കൂടാതെയുള്ള അകൽച്ചയല്ല. യേശുക്രിസ്തു മുഖാന്തിരം ദൈവത്തോട് അടുക്കുവാൻ ഇന്നും വാതിൽ തുറക്കപ്പെട്ടി രിക്കുന്നു. അനുസരണക്കേടിന്റെ ആത്മാവിനെ വിട്ടിട്ട് നമുക്ക് അവന്റെ ഇഷ്ടത്തിന് കീഴ്പ്പെടാം. അവന്റെ നിയമത്തിനും സത്യവഴിയി ലും നമ്മേ താഴ്ത്തിയേക്കാം. അപ്പോൾ ദൈവം നമ്മേ ഉയർത്തും. അതിന് ഇടയാകട്ടെ എന്നു പ്രാർത്ഥി ക്കുന്നു.

എന്ന്

**നിങ്ങളുടെ റോയി അച്ചൻ**

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം



മൂന്നു നോമ്പിന്റെ സമാപ്തിക്കും, വലിയ നോമ്പാരംഭത്തിനും ഇടയിൽ രണ്ടു ഞായറാഴ്ചക ളുണ്ട്. അതിൽ ആദ്യത്തേത് "കൊഹനേ" ഞായറും രണ്ടാമത്തേത്" 'ആനീദേ' ഞായറും ആകുന്നു. പരിശുദ്ധ സഭയിൽ ശുശ്രൂഷിച്ചു ദൈവസന്നിധി യിലേക്ക് മടങ്ങിയ എല്ലാ മേൽപട്ടക്കാരുടെയും, പട്ടക്കാരുടെയും ഓർമ്മ കൊണ്ടാടുന്ന ഞായറാഴ്ചയാണ് 'കൊഹനേ' ഞായർ. അപ്രകാരം തന്നെ നാം ദൈവത്തിന്റെ മക്കളാകുവാൻ നമ്മെ പഠിപ്പിച്ചു ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ നമ്മുടെ മാതാപിതാക്കന്മാരുടെയും സഹോദരീ സഹോദര ങ്ങളുടെയും ഓർമ്മകൊണ്ടാടുന്ന ഞായറാഴ്ചയാണ്. 'ആനീദേ ഞായർ'. വിശ്വാസികളായി ജീവിച്ചി രിക്കുന്നവരും വാങ്ങിപ്പോയവരും ഉൾപ്പെടുന്ന സമൂഹത്തെയാണ് നാം സഭയെന്നു വിവക്ഷിക്കുന്നത്.

നാം ദൈവത്തിന്റെ മക്കളായി തീരുവാൻ അവർ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ച പിതാക്കന്മാരെയും മാതാക്കളെയും സഹോദര സഹോദരിമാരെയും കുർബ്ബാനയിലും നമസ്ക്കാരങ്ങളിലും ഓർക്കുവാനുള്ള കടപ്പാടു നമുക്കുണ്ട്. അവരെ ഓർക്കണമെന്നു തന്നെയാണ് പിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നത്. നാം അതനുസരിക്കുകയും ചെയ്യുന്നുണ്ട്. അതിന്റെ ഭാഗമായാണ് വലിയനോ മ്പാരംഭത്തിനു മുമ്പായി "കൊഹനേ ഞായറും" ആനീദേ ഞായറും" നാം കൊണ്ടാടുന്നത്.

നിദ്ര പ്രാപിച്ചു ദൈവസന്നിധിയിലേക്കു വാങ്ങിപ്പോയ നമ്മുടെ ബന്ധുമിത്രാദികളെക്കുറിച്ചു അറിവില്ലാതെ ഇരിക്കരുത് എന്നാണ് പരിശുദ്ധനായ പൗലോസ് അപ്പസ്തോലൻ നമ്മോട് ആവശ്യപ്പെ ടുന്നത്. (1 തെസ്സ. 4:13) മരിച്ചു അടക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റവനായ നമ്മുടെ കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തു പിതാവിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ടു നമുക്കായി മദ്ധ്യസ്ഥത അണയ്ക്കുന്നു. താൻ മടങ്ങി വരുമെന്നു ശ്ലീഹന്മാരോടു വാഗ്ദാനം ചെയ്തിട്ടുണ്ട്. "ഞാൻ നിങ്ങൾക്കായി സ്ഥലമൊരുക്കുവാൻ പോകുന്നു. ഞാൻ പോയി സ്ഥലമൊരുക്കിയാൽ ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളെയും ഇരുത്തേണ്ടതിനു പിന്നെയും വന്നു നിങ്ങളെ ചേർത്തുകൊള്ളും" എന്നു നമ്മുടെ കർത്താവ് അരുളിച്ചെയ്തു. ആ വലിയ ദിവസത്തിനായിട്ടാണ് സത്യവിശ്വാസികളായ ഓരോ ക്രിസ്ത്യാനിയും കാത്തിരിക്കുന്നത്.

കർത്താവു താൻ ഗംഭീര നാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടു കൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരും. ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയർത്തെഴുന്നേല്ക്കും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ച് കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. അങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും.

കർത്താവിന്റെ വരവ് എപ്പോഴാകുന്നു എന്ന് ആരും അറിയുന്നില്ല. കള്ളൻ രാത്രിയിൽ വരുന്നതുപോലെ ആകുന്നു. തന്റെ വരവ് നമ്മുടെ കർത്താവിന്റെ ഭാഷയിൽ പറഞ്ഞാൽ പിതാവിനല്ലാതെ തനിക്കു പോലും ആ സമയം അറിഞ്ഞുകൂടാ. എങ്കിലും അപ്പസ്തോലന്റെ ആശ്വാസം; നാം കള്ളൻ എന്നപോലെ പിടിക്കപ്പെടുവാൻ നമ്മളാരും ഇരുട്ടിനുള്ളവരല്ല. നാം എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും ആകുന്നു എന്നതത്രെ. നാം പകലിനുള്ളവരാകയാൽ വിശ്വാസവും സ്നേഹവും എന്ന കവചവും, ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചുകൊണ്ടു ഉണർന്ന് സുബോധത്തോടെ ഇരിക്കണം.

നശിച്ചു പോകുന്ന ആഹാര സമ്പാദനത്തിനു വേണ്ടിയല്ല ഒരു യഥാർത്ഥ ക്രിസ്ത്യാനി പ്രവർത്തിക്കേണ്ടത്. പിന്നയോ നിത്യജീവങ്കലേക്കു നിങ്ങളെ നടത്തുന്ന ആഹാരത്തിനായിട്ടാണ് യത്നിക്കേണ്ടത്. തന്റെ മാംസം ഭക്ഷിപ്പാനും, തന്റെ രക്തം പാനം ചെയ്യാനും വേണ്ട ക്രമീകരണം തന്റെ കഷ്ടാനുഭവ രാത്രിയിൽ താൻ ചെയ്തു. അതായത് വിശുദ്ധ കുർബ്ബാനയെ താൻ സ്ഥാപിച്ചു. തന്റെ ശരീരം ഭക്ഷിക്കുകയും തന്റെ രക്തം പാനം ചെയ്കയും ചെയ്താൽ നാം തന്നിലും താൻ നമ്മിലുമായി വസിക്കും. നമുക്കു നിത്യജീവനുണ്ടാകും. അവസാന നാളിലെ ഉയിർത്തെഴു ന്നേല്പിനു നാം അർഹരായി ഭവിക്കും. വിശുദ്ധ കുർബ്ബാന അനുഭവത്തിലൂടെ വേണം പുനരുത്ഥാന ത്തിനും, സ്വർഗ്ഗത്തിൽ പുത്രനാം ദൈവത്തോ ടൊത്തുമുള്ള വാസത്തിനും നാം യോഗ്യരായി ത്തീരേണ്ടത്.

സകല ദുഷ്കാമ പ്രവർത്തികളിൽനിന്നും അകന്ന് നിർജ്ജീവ പ്രവർത്തികൾ ഉപേക്ഷിച്ചു, ദേവഹിതപ്രകാരമുള്ള നോമ്പനുഷ്ഠാനത്തിലൂടെ ദൈവത്തെ പ്രസാദിപ്പിച്ചു നമുക്കു ജീവിക്കാം. സകലതും അനുഗ്രഹത്തിനായി ഭവിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ്പ് സേവേറിയോസ് കുര്യാക്കോസ്**
**വലിയ മെത്രാപ്പോലീത്താ**



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയരെ,

കഴിഞ്ഞമാസം ബാംഗ്ലൂരിൽ ഏതാണ്ട് 8 കോടി രൂപ വിലയുള്ള സ്ഥലം സമുദായത്തിന് സ്വന്തമാക്കിയതിന് ശേഷം ഈ മാസം വടപുറത്തുള്ള മോർ ക്ലീമ്മീസ് എയ്ഡഡ് സ്കൂളിന്റെ പുതിയ ബ്ലോക്ക് ദൈവകൃപയാൽ ബഹു. അബ്ദുൾ വഹാബ് എം.പി. യെക്കൊണ്ട് ഉദ്ഘാടനം ചെയ്യിപ്പിക്കുവാൻ നമുക്കു സാധിച്ചു.

നമ്മുടെ സമുദായത്തിലെ അഭിപ്രായ വ്യത്യാസങ്ങൾ എന്തുതന്നെ ആയാലും അത് നമ്മുടെ സമുദായത്തിന്റെ നാല് ചുമരുകൾക്കുള്ളിൽ ഒതുക്കിനിർത്തണമായിരുന്നു. എന്നാൽ വളരെ വ്യസനത്തോടെ പറയട്ടെ നമ്മുടെ ഒരു വന്ദ്യ തിരുമേനി നമ്മുടെ സഹോദരസഭയെ അഭിസംബോധന ചെയ്ത് ക്ഷമാപണം യാചിച്ചും അല്ലാതെയും സോഷ്യൽ മീഡിയയിൽ കൂടി രണ്ടു വോയിസ് ക്ലിപ്പ് ഏതാനും ദിവസം മുമ്പ് ഇട്ട് അത് പ്രചരിച്ച് വൈറൽ ആവുക ഉണ്ടായി. ഇത്തരം പ്രവണതമൂലം നമ്മൾ സ്വയം അപമാനിതരാകുകയല്ലേ? നമ്മുടെ പാരമ്പര്യത്തിനും, നമ്മുടെ തനിമയ്ക്കും, നമ്മുടെ സ്വാതന്ത്ര്യത്തിനും ഇതു ഭൂഷണമോ എന്നും ചിന്തിക്കുവാൻ വളരെ വിനീതപൂർവ്വം ഓർമ്മപ്പെടുത്തുകയാണ്. ക്നാനായ സമുദായത്തിൽ ഗ്രൂപ്പ് തിരിഞ്ഞു തിരുമേനിമാരുടെ പേരെടുത്തു പറഞ്ഞു ഒരു ചേരിതിരിവ് സൃഷ്ടിക്കുന്നത് ക്നാനായ സമുദായത്തെ ഇതര ക്രൈസ്തവ സഭകളുടെ ഇടയിൽ അപഹാസ്യർ ആക്കുന്നതിനേ ഉപകരിക്കുകയുള്ളൂ എന്ന് ഓർക്കുന്നത് നന്ന്. സോഷ്യൽ മീഡിയയിൽ കൂടിയും മറ്റും ഇപ്രകാരമുള്ള വോയിസ് ക്ലിപ്പുകൾ പ്രസിദ്ധീകരിച്ചു സ്വയം അപമാനിതരാകുകയും തൽഫലമായി ക്നാനായ സമുദായത്തിന്റെ അകത്തളങ്ങളിലേക്ക് ഇതര സമുദായ അംഗങ്ങളെ വലിച്ചിഴച്ചു ക്നാനായ സമുദായത്തെയും സമുദായ മെത്രാപ്പോലീത്തായേയും, സമുദായ നേതൃത്വത്തേയും, പരി. പാത്രിയർക്കീസ് ബാവാ വിശുദ്ധനായി പ്രഖ്യാപിച്ച നമ്മുടെ പൂർവ്വ പിതാവായ വിശുദ്ധ ക്നായി തോമായേയും വളരെ ഹീനമായി പൊതുസമൂഹത്തിൽ അപമാനിക്കുകയും അവഹേളിക്കുകയും ചെയ്യുന്ന തരത്തിൽ ചില ക്നാനായ ഇതര തൽപ്പര കക്ഷികൾ നടത്തിയ അപഹാസ്യവും നിന്ദ്യവുമായ പരാമർശങ്ങൾ ക്നാനായ മക്കളിൽ മനോവേദനയും അപമാനവും ഞെട്ടലും ഉളവാക്കിയ സാഹചര്യം എങ്ങനെ ഉണ്ടായി? എളിമയിലൂടെയും ജീവിതസാക്ഷ്യത്തിലൂടെയും ക്ഷമയോടെ സ്വസഹോദരന്മാരെ നയിച്ച് ക്രിസ്തുവിന്റെ രാജ്യത്തിൽ പങ്കാളികൾ ആക്കാൻ ബാദ്ധ്യസ്ഥർ ആയവർക്ക് ഇത്തരം പ്രവർത്തനങ്ങൾ ഭൂഷണമോ എന്ന് ചിന്തിക്കണം.

ക്നാനായ ഭരണഘടനയനുസരിച്ച് ക്നാനായ അസ്സോസിയേഷൻ ആണ് അഭിവന്ദ്യരായ സമുദായത്തിലെ മെത്രാപ്പോലീത്താമാരെയും സമുദായ നേതൃത്വത്തിനെയും ഒക്കെ കാലാകാലങ്ങളിൽ തെരഞ്ഞെടുക്കുന്നത്. ഈ അസ്സോസിയേഷൻ ഭൂരിപക്ഷത്തോടെ എടുക്കുന്ന തീരുമാനം അനുസരിച്ച് പ്രവർത്തിക്കുവാൻ ഓരോ ക്നാനായക്കാരനും ബാദ്ധ്യസ്ഥനുമാണ്.

നമുക്ക് ജന്മംകൊണ്ട് ലഭിച്ച ഭാഗ്യമാണ് ക്നാനായത്വം. ഓരോ ഇടവകയിലെയും ഇടവകജനങ്ങൾ കൂടുന്ന കൂട്ടം, ഇടവക പൊതുയോഗം, ആ ഇടവകപൊതുയോഗം പള്ളിയുടെ ഭരണം നടത്തുവാൻ പള്ളി ട്രസ്റ്റിയേയും സെക്രട്ടറിയേയും പള്ളിക്കമ്മറ്റിയേയും തെരഞ്ഞെടുക്കുന്നു. പള്ളിയുടെ ഭരണം നിയന്ത്രിക്കുന്നത് പള്ളിപൊതുയോഗമാണ്. ക്നാനായ അസ്സോസിയേഷൻ അംഗങ്ങൾ സമുദായ ഭാരവാഹികളെയും, മേൽപട്ടസ്ഥാനത്തേക്ക് യോഗ്യതയുള്ള വൈദികരെയും, ക്നാനായ കമ്മറ്റിയേയും, വൈദിക കൗൺസിലിനെയും തെരഞ്ഞെടുക്കുന്നു. വൈദിക കൗൺസിൽ പള്ളിപൊതുയോഗം പാസ്സാക്കി വിടുന്ന യോഗ്യർ ആയ വിദ്യാർത്ഥികളെ വൈദിക വിദ്യാർത്ഥികളായി തെരഞ്ഞെടുക്കുന്നു. അങ്ങനെ ഓരോ ഇടവക പൊതുയോഗ അംഗങ്ങൾ താഴെത്തട്ട് മുതൽ മേൽപ്പട്ടക്കാർ വരെ ഉള്ളവരെ തെരഞ്ഞെടുക്കുന്നത്. അങ്ങനെ ആണ് നമ്മുടെ സമുദായത്തിനു ജനാധിപത്യ രീതിയിലുള്ള ഒരു ഭരണഘടന പിതാക്കന്മാർ നമുക്കു ഉണ്ടാക്കിത്തന്നത്.

ഈ ഭരണഘടനയിൽ മാറ്റം വരുത്തണം എങ്കിൽ അസ്സോസിയേഷനു മാത്രമേ സാധിക്കു എന്നും അറിയാമല്ലോ. ഈ ഭരണഘടയിൽ പരി. പാത്രിയർക്കീസ് ബാവായ്ക്കുള്ള അധികാരം ആരും ഇന്നേവരെ മാറ്റിയിട്ടില്ല. പരി. അന്ത്യോഖ്യാ സിംഹാസനത്തോട് എന്നും കൂറും വിധേയത്വവും ഈ സമുദായത്തിന് ഉണ്ടായിരിക്കും. ഈ സമുദായം മെത്രാൻ കക്ഷിയിലേക്ക് പോകും എന്ന് പറയുന്നവരോട് ദൈവം ക്ഷമിക്കട്ടെ. നമ്മുടെ ഭരണഘടന ഇന്ത്യൻ സുപ്രീം കോടതി 1995 ൽ അംഗീകരിച്ചതാണ്. വീണ്ടും 2017 സുപ്രീം കോടതി അത് പറയുകയും ചെയ്തിട്ടുള്ളതാണ്. അങ്ങനെ വളരെ ഉറപ്പുള്ള നമ്മുടെ ഭരണഘടനയ്ക്ക് വിപരീതമായി പ്രവർത്തിക്കുമ്പോൾ ആണ് സമുദായത്തിൽ കേസുകൾ ഉണ്ടാകുന്നത്. നമ്മുടെ സമുദായം ഒഴിച്ച് ഏതെങ്കിലും ഒരു ക്രിസ്തീയസഭയിൽ മെത്രാൻമാർ വാദിയായി കേസുകൾ കൊടുക്കുന്നത് കാണുവാൻ സാധിക്കുമോ?

പ്രിയമുള്ളവരേ മെത്രാന്മാർ ഇപ്പോഴും കേസുകൾ കൊടുത്തുകൊണ്ടിരിക്കുന്നു. ഇതിന് ഒരു അറുതി ഉണ്ടാവേണ്ടേ? എന്നാണ് ഒരു അറുതി ഉണ്ടാവുക?

ഒരു കാര്യം അഭി. തിരുമേനിമാരോട് പറയുവാൻ ഉള്ളു നമ്മുടെ പിതാക്കന്മാർ നമുക്കു തന്ന ക്നാനായ ഭരണഘടനയും ക്നാനായ അസോസ്സിയേഷൻ തീരുമാനങ്ങളും അംഗീകരിക്കാനും നമ്മൾ തയ്യാറായാൽ സമുദായത്തിലെ

പ്രശ്നങ്ങൾ തീരും. സമുദായത്തിൽ നിലവിൽ ഉള്ള സംവിധാനങ്ങൾ ഉപയോഗിച്ചാണ് മെത്രാപ്പോലീത്തമാരെ തിരഞ്ഞെടുത്തത് എന്ന് ഓർക്കണം.

സമുദായത്തിലെ നാലു തിരുമേനിമാർക്കും സമുദായ ജനങ്ങളുടെ സഹകരണത്താൽ സമുദായത്തിന്റെ അന്തസ്സ് നിലനിൽക്കുന്ന രീതിയിൽ തന്നെ മൂല്യമുള്ള വാസസ്ഥലങ്ങളും വാഹനങ്ങളും തന്ന് അംഗീകരിച്ചുവേണ്ട എല്ലാ അധികാരാവകാശങ്ങളുംതരുവാനും അതിന് ഒരു വ്യവസ്ഥിതി കൊണ്ടുവരുവാനുമാണ് അസ്സോസിയേഷൻ ശ്രമിക്കുന്നത്. സഭാ പിതാക്കന്മാർ എല്ലാ സമുദായ അംഗങ്ങളെയും ഒരുപോലെ കാണുവാൻ തയ്യാർ ആകണം. പരസ്പരം കുറവുകൾ പരിഹരിച്ചു ഒന്നിച്ചു നിന്ന് ഈ സമുദായത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കണം.

എ.ഡി. 345 ലെ സിറിയൻ കുടിയേറ്റത്തിന് കാരണ ഭൂതനായ വിശുദ്ധ ക്നായിത്തോമായേയും, ക്നാനായ സമുദായത്തെയും, സമുദായ മെത്രാപ്പോലീത്തായേയും, സമുദായ നേതൃത്വത്തേയും പൊതു സമൂഹത്തിൽ അപമാനിക്കുന്നത് ആരുതന്നെ ആയാലും അതിനെ അപലപിക്കാൻ ഉള്ള ആർജവം നമ്മുടെ പിതാക്കന്മാർക്ക് ഉണ്ടാവണം. മലങ്കര സഭയ്ക്ക് നിസ്തുലമായ സംഭാവനകൾ നൽകിയിട്ടുള്ള ക്നാനായ സമൂഹത്തിന്റെ വികാരം വ്രണപ്പെട്ട ഈ പ്രവർത്തിയിൽ ഓരോ ക്നാനായക്കാരനും അതീവ ദുഃഖിതനാണ്. ഇതിൽ ക്നാനായ സമുദായത്തിനുള്ള ശക്തമായ പ്രതിഷേധം അറിയിക്കുന്നു. സമുദായത്തെ സോഷ്യൽ മീഡിയയിലൂടെ അപമാനിച്ചവർക്കെതിരെ നിയമനട പടികളുമായി മുന്നോട്ടു പോകുവാൻ ക്നാനായ കമ്മിറ്റി തീരുമാനിച്ചു.

ക്നാനായ കമ്മിറ്റി സമുദായത്തിൽ സമാധാനവും വ്യവസ്ഥിതിയുംകൊണ്ടുവരുവാനുള്ള ശ്രമത്തിന്റെ ഭാഗമായി ധാരാളം സമാധാന ചർച്ചകൾ ഇതിനോടകം നടത്തി.

ലബനോനിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ സാന്നിദ്ധ്യത്തിൽ എല്ലാവരും കൂടി ചർച്ച നടത്തി. കോട്ടയം ടി.ബി.യിൽ വച്ചു ചർച്ച നടത്തി. വാകത്താനം പള്ളിപെരുന്നാൾ ദിവസം അവിടെ വച്ചു ചർച്ച നടത്തി. അതിന്റെ അടിസ്ഥാനത്തിലാണ് നോട്ടീസിൽ പേര് ഇല്ലാതിരുന്നിട്ടും പുത്തൻപള്ളിയിൽ നടന്ന മെറിറ്റ് അവാർഡ് ചടങ്ങിൽ അഭി.ഗ്രീഗേറിയോസ് തിരുമേനി വന്നതും ആശംസാ പ്രസംഗം നടത്തിയതും.

വീണ്ടും സഹായ മെത്രാപ്പെലീത്തന്മാരേ നേരിട്ട് ചർച്ചയ്ക്ക് ക്നാനായ കമ്മറ്റി ക്ഷണിക്കുകയും വരാം എന്നു സമ്മതിക്കുകയും ചെയ്തെങ്കിലും തലേ ദിവസം വരുന്നില്ല എന്ന് അറിയിക്കുക ആയിരുന്നു.

ഈ സമുദായത്തിന്റെ ഐകൃത്തിനും അഭിവൃദ്ധിക്കുംവേണ്ടി ഒറ്റക്കെട്ടായി മുന്നോട്ടു പോകുകുവാനും, ചർച്ചകളിലൂടെയും, പരസ്പര വിട്ടു വീഴ്ച മനോഭാവത്തിലൂടെയും, ക്രിസ്തു കാട്ടിയ താഴ്മയുടെയും സഹനത്തിന്റെയും വഴിയിലൂടെ സമുദായത്തിലെ പ്രശ്നങ്ങൾ പറഞ്ഞു തീർത്തു ഭരണഘടന പ്രകാരം അസോസ്സിയേഷൻ തീരുമാനങ്ങൾക്ക് അനുസൃതമായി മുമ്പോട്ടു പോകുവാനും ക്നാനായ സമുദായത്തിന്റെ ഒരുമയും തനിമയും അഖണ്ഡതയും നിലനിർത്തി ഈ പാരമ്പര്യം അടുത്ത തലമുറയ്ക്ക് കൈമാറുവാൻ എല്ലാവരും സഹകരിക്കണമേ എന്നുള്ള അഭ്യർത്ഥനയോടും, ഈ സമുദായത്തിനുവേണ്ടി ഈ നോമ്പ് കാലങ്ങളിൽ സമുദായ ജനം ഒന്നിച്ചു നിന്ന് പ്രാർത്ഥിക്കണമേ എന്നും ഉള്ള അപേക്ഷയോടും കൂടി നിർത്തുന്നു. ●

കവിത

# ആരാധന

ജയിനമ്മ മർക്കോസ്
നടുവിലേപറമ്പിൽ

സത്യമാം നിന്നെ ആരാധിക്കുവാൻ
ആത്മാവിൽ നിന്നെ സ്തുതിച്ചിടുവാൻ
ഈ ലോക ജീവിതം ധന്യമാക്കാൻ
നല്ലവനേ കൃപ നൽകിടുക
ഹൃത്തിൽ നിന്നെ നിറച്ചുകൊണ്ട്
ആരാധിക്കാൻ കൃപ നൽകിടുക
കൃപ വന്നു നമ്മിൽ നിറഞ്ഞിടുമ്പോൾ
പാപത്തിൽ നിന്നും മുക്തിനേടും
അറിഞ്ഞിടും അറിയാത്ത മട്ടിൽ നടക്കുന്ന (2)
പരീശമക്കളെ നിങ്ങൾക്കു കഷ്ടം
ഉള്ളിന്റെ ഉള്ളിലെ കാഷ്ഠം കഴുകാൻ
കാൽവറി നാഥനെ വാരിപ്പുണരൂ!
ഒന്നാം പ്രമാണം തെറ്റിയലഞ്ഞാൽ
ആറാം പ്രമാണത്തിൽ വീണിടുമേ
അനീതികൊണ്ടു സത്യം മറയ്ക്കാൻ
സാത്താൻ തന്ത്രം മെനഞ്ഞിടുന്നു
അഹങ്കാരമുള്ള മനസ്സിലെല്ലാം
സാത്താൻ 'കൂടു' കൂട്ടിടുമേ
കാളക്കുട്ടിയെ ആരാധിച്ചാൽ
അഴിഞ്ഞാടി നമ്മൾ ജീവിച്ചിടും
ഞാനെന്ന ഭാവം മാറ്റിക്കൊണ്ടു
എളിമയായി ജീവിതം കാഴ്ചവെയ്ക്കാൻ
പരിശുദ്ധ അമ്മേ, പരിശുദ്ധന്മാരേ
ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണേ
പ്രാർത്ഥനയിൽ വന്ന പാകപ്പിഴ
ഒരു കൂട്ടം ദൂതരെ വീഴ്ത്തിയല്ലോ
നമുക്കായി എല്ലാം ചെയ്തുതീർത്ത
കാൽവറി നാഥനെ ഓർത്തിടുക
ഒരിക്കലായി കിട്ടുന്ന ക്ഷണികമാം ജീവിതം
വിട്ടു പിരിഞ്ഞു നാം പോയിടുമേ
കൂട്ടിന് പ്രവൃത്തികൾ കൂടെപ്പോരും
ആറടി മണ്ണിലലിഞ്ഞുചേരും
എൻ മനം നിന്നിലുയർത്തിക്കൊണ്ട്
സ്തോത്രത്തിൻ യാഗം കഴിച്ചിടുവാൻ
കുറേനക്കാരനെ തൊടുവനെ
നീ, എന്നെ ഒന്നു തൊട്ടിടുക
എന്നിലെ 'ഞാൻ' ഇല്ലാതാകാൻ
രക്തത്താൽ എന്നെ കഴുകണമേ
ഈശന്റെ പാദത്തിൽ ചേർന്നിരുന്നു
ആരാധിക്കാൻ കൃപ നൽകിടുക
ആത്മീയ കീർത്തനം പാടിടുമ്പോൾ
സാത്താന്റെ മുട്ടു വിറച്ചിടുമേ
ആരാധനയിങ്കൽ കെട്ടുകൾപൊട്ടി
സ്വർഗ്ഗരാജ്യത്തിൽ എത്തിടുമേ!



ഡോ. സുനിൽ ഡി. കുരുവിള

# പുനർ സൃഷ്ടിക്കാം സമൃദ്ധിയായ ജീവന്റെ ഇടങ്ങൾ

k ൺഡേ സ്കൂൾ Life സ്കൂളുകളായി മാറേണ്ടതുണ്ട്. മത്സരങ്ങളും പരീക്ഷയും, മിടുക്കനും മണ്ടനുമൊക്കെയായി മടുത്താണ് കുട്ടികൾ അവരുടെ സ്കൂളിൽ നിന്ന് പള്ളിയിലേക്ക് വരുന്നത്. സൺഡേ സ്കൂളിലും അവരെ മടുപ്പിക്കുകയും തരം തിരിക്കുകയും വേണോ ? സൺഡേ സ്കൂളിൽ സ്നേഹവും കരുതലും സൗഹൃദവും ക്രിസ്തു ഭാവവും ഒക്കെ അവർ കാണട്ടെ.- ശീലിക്കട്ടെ. പാട്ടും കഥയും ചർച്ചയും ചിന്തയും ഒക്കെ കുഞ്ഞുങ്ങളിലേക്ക് പകരാം. കുട്ടികളെ കേൾക്കാൻ അവരെ മനസ്സിലാക്കാൻ മോട്ടിവേറ്റ് ചെയ്യാൻ ആത്മാഭിമാനം ഉള്ളവരാക്കാൻ ശ്രമിക്കാം.

കഴിഞ്ഞ ദിവസം ഒരു പള്ളിയിലെ ഒരു മുതിർന്ന കുട്ടി പറഞ്ഞതുപോലെ : അദ്ധ്യാപകൻ ഒരു ബുക്ക് കൊണ്ടുവരും; സിലബസ് പഠിപ്പിക്കും; പരീക്ഷക്ക് ചോദിക്കുന്ന ചോദ്യങ്ങൾ: പഴയ നിയമത്തിലെ ഒരു രാജാവ്- അങ്ങേർക്ക് എത്ര ഭാര്യമാരുണ്ടായിരുന്നു.? എത്ര മക്കൾ? എത്ര പേരെ അങ്ങേർ കൊന്നിട്ടുണ്ട്. ?

പിന്നെ അതിന്റെ മാർക്ക് ഗ്രേഡ്, സമ്മാനം, തൊട്ടടുത്തിരിക്കുന്ന കുട്ടി പോലും കൂട്ടല്ല. എല്ലാവരും മത്സരം .....

വെറും യന്ത്രം പോലെ അധ്യാപനം
ജീവനില്ലാത്ത ക്ലാസുകൾ
ജീവിതമില്ലാത്ത നേതാക്കൻമാർ
മാതൃകയില്ലാത്ത ഗുരുക്കൻമാർ .

കുട്ടികളുടെ ഹൃദയത്തെ തൊടുമ്പോളാണ് അവർ ചലിക്കുന്നത്. അവർക്കേറ്റവും കൂടുതൽ വേണ്ടത് അംഗീകാരമാണ്. ഇന്ന് അവരുടെ ജീവിതത്തിൽ നമ്മൾ അർത്ഥവത്തായി ഇടപെടുമ്പോൾ നാളെ അവർ സഭയിലും സമൂഹത്തിലും അർത്ഥവത്തായി ഇടപെടും.

അവരെ meaningful ആയി ജീവിതവുമായി കണക്ട് ചെയ്യേണ്ടതുണ്ട്. അറിവിൽ നിന്ന് അവരെ തിരിച്ചറിവിലേക്കും ജ്ഞാനത്തിലേക്കും നയിക്കാൻ മറ്റെവിടെ ഇടം അന്വേഷിക്കാനാണ്? അവർക്ക് നല്ല സ്വപ്നം നൽകാം, നല്ല മൂല്യങ്ങൾ നൽകാം, വ്യക്തിത്വവികസനം ഉറപ്പാക്കാം. നമ്മുടെ കുട്ടികൾ ലോകത്തിന് അനുരൂപരാകാതെ ഉന്നതരായി തീരട്ടെ. സൺഡേ സ്കൂളിന്റെ ലക്ഷ്യം കുഞ്ഞുങ്ങളെ ദൈവത്തോട് അടുപ്പിക്കുകയും അവർക്ക് ദൈവഭാവം നൽകുകയും ജീവിത പടവുകളിൽ വിശ്വാസത്തോടെ മുന്നേറാൻ അവരെ പ്രാപ്തമാക്കുകയുമല്ലേ ? ആ ലക്ഷ്യത്തിലേക്ക് നമുക്ക് എത്തിച്ചേരാൻ സാധിക്കുന്നുണ്ടോ ? ജയിക്കാനും തോൽക്കാനുമല്ല അവർ വചനം ജീവിക്കാനാണ് പഠിക്കേണ്ടത്. അതിന് അവരിലെ ദൈവത്തിന്റെ കൈയ്യൊപ്പ് അവർ തിരിച്ചറിയേണ്ടതുണ്ട്. അവരെ കുറിച്ചുള്ള ദൈവീക പദ്ധതി



അവർ മനസ്സിലേക്കേണ്ടതുണ്ട്. ആ ലക്ഷ്യത്തിലേക്ക് നീങ്ങണം സൺഡേ സ്കൂളുകൾ.

ആരാധനാലയങ്ങൾ കാലത്തിനൊത്ത് മാറണം. ഇന്നത്തെ കുഞ്ഞുങ്ങളാണ് നാളത്തെ ഏതൊരു സമൂഹത്തിന്റെയും ഭാവി. അവരെ ചേർത്ത് പിടിക്കാൻ അവരുടെ അർത്ഥവത്തായ വികസനം ഉറപ്പുവരുത്താൻ അവരുടെ വിദ്യാഭ്യാസം- തൊഴിൽ- ജീവിതം ഉന്നതമാക്കാൻ വലിയ പരിശ്രമങ്ങൾ വേണ്ടിവരും . പൊതു കളിസ്ഥലങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ കുട്ടികൾക്കായി കളിസ്ഥലങ്ങൾ ഒരുക്കാൻ ആരാധനാലയങ്ങൾക്കും കഴിയണം. കുട്ടികൾ കളിച്ചു വളരട്ടെ. പള്ളിക്ക് ചുറ്റും കളിസ്ഥലങ്ങളും, പാർക്കും ഒക്കെ രൂപപ്പെടട്ടെ. അവരുടെ ശാരീരിക മാനസിക വൈകാരിക വളർച്ചക്ക് കളികളും സൗഹൃദവും അനിവാര്യമാണ്. കുട്ടികൾക്കായി സുരക്ഷിത ഇടങ്ങൾ രൂപപ്പെടേണ്ടതുണ്ട് ; പെൺകുട്ടികൾക്ക് പ്രത്യേകിച്ച്. ഇന്ന് അവരുടെ ജീവിതത്തിൽ സ്നേഹത്തോടെ നിക്ഷേപിക്കുന്നവരെ നാളെ അവരുടെ ഓർമ്മകളിൽ അവർ തീർച്ചയായും ചേർത്ത് നിർത്തും. ചിലതൊക്കെ മാറണം. നല്ലതിലേക്ക്, നന്മയിലേക്ക്.

കൗമാരക്കാരായ കുട്ടികൾക്ക് നല്ല കൗൺസിലിംഗും വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശങ്ങളും കരിയർഗൈഡൻസും അനിവാര്യമാണ്. വെക്കേഷൻ ബൈബിൾസ്കൂൾ (VBS) ഒക്കെ നടത്തുമ്പോൾ മുതിർന്ന കുട്ടികൾ അലസമായും താല്പര്യമില്ലാതെയും ഇരിക്കുന്നത് കാണാറുണ്ട്. അവരുടെ താല്പര്യം നിലനിർത്തുന്ന രീതിയിൽ അവർക്ക് പ്രയോജനകരമായ Inspairing ആയിട്ടുള്ള പ്രോഗ്രാമുകൾ സംഘടിപ്പിക്കണം. അവരെ ഉറക്കാൻ അല്ല മറിച്ച് ഉണർത്താനും ഉയർത്താനും ഉജ്ജ്വലമാക്കാനും പരിശ്രമിക്കാം. കുട്ടികൾക്കായി സംഘടിപ്പിക്കുന്ന പരിപാടികൾ ഉന്നത നിലവാരത്തിൽ ഉള്ളതും, അവരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞിട്ടുള്ളതും ആകണം.

കുട്ടികൾ സെൽഫോണിൽ ആണ്, ആപ്പിലാണ് , മോശപ്പെട്ട കൂട്ടുകെട്ടിലാണ്, പഠിക്കുന്നില്ല, സ്വഭാവം മോശമായി എന്നൊക്കെ പിന്നീട് നിലവിളിച്ചിട്ട് കാര്യമില്ല. ശക്തമായ നേതൃത്വം, കൃത്യമായ ആസൂത്രണത്തോടും പദ്ധതികളോടും കൂടി വ്യക്തമായി പ്രവർത്തിക്കും. ലവ് ജിഹാദ് ആണ് എന്നുപറഞ്ഞ് മറ്റുള്ളവരെ കുറ്റം പറഞ്ഞോണ്ടിരുന്നാൽ ഇവിടെ ഒന്നും മാറുകയില്ല. അവനവന്റെ കുഞ്ഞുങ്ങളെ - അവരുടെ ജീവിതത്തെ സ്വയം ഏറ്റെടുക്കണം. Blame game ഒന്നിനും പരിഹാരമല്ല. കുട്ടികൾക്ക് കിട്ടിയ മൂല്യങ്ങളുടെയും തിരിച്ചറിവിന്റെയും അടിസ്ഥാനത്തിലാണ് അവരുടെ തീരുമാനങ്ങൾ അവർ കൈകൊള്ളുന്നത്. അവരുടെ ഹൃദയത്തിൽ ദൈവം ഉണ്ടാകണം; നോട്ടുബുക്കിൽ ഉണ്ടായിട്ട് കാര്യമില്ല. എത്ര വാക്യം കാണാതെ പഠിച്ചു എന്നുള്ളതല്ല മുഖ്യം, ജീവിതത്തിൽ എത്ര വാക്യം ഉപയോഗിക്കാൻ അറിയാം എന്നുള്ളതാണ്. കുടുംബത്തിന്റെ ശാക്തീകരണം, മാതാപിതാക്കൾക്കുള്ള പരിശീലനം ഒക്കെ കുട്ടികളുടെ ഉന്നമനത്തിനായി സംഘടിപ്പിച്ചെ മതിയാകൂ. വിഘടിച്ചല്ല ഒരുമിച്ചാണ് ആസൂത്രണം നടക്കേണ്ടത്. പദ്ധതികൾ തയ്യാറാക്കേണ്ടത്.

സൺഡേ സ്കൂളിന്റെ ഒക്കെ തലപ്പത്തു കാലാകാലങ്ങളായി തമ്പ് അടിച്ചിരിക്കുന്നവർക്കൊക്കെ ഒന്നു മാറികൊടുക്കാം. അതിനു യോഗ്യതയില്ലാത്തവർക്കും മാറാം. കുറച്ചു പുതിയ രക്തമൊക്കെ അകത്തേക്ക് ഒഴുകട്ടെ......... വിളർച്ചയൊക്കെ ഒന്ന് മാറട്ടെ. മാറിക്കൊടുക്കുന്നതും വലിയ സേവനമാണ്.

ഇന്നത്തെ കുഞ്ഞുങ്ങളുടെയും യുവതയുടെയും ഗുണമേന്മയാണ് നാളത്തെ സഭയുടെ ഭാവി. അത് മരാമത്ത് പണിയിലല്ല കുഞ്ഞുങ്ങളിലാണ് നമ്മൾ നിക്ഷേപിക്കേണ്ടത്.

## മഞ്ഞനിക്കര തീർത്ഥാടകരെ സ്വീകരിക്കുന്നു





ചെങ്ങളം സെന്റ് മേരീസ് ക്നാനായപള്ളി വികാരി ഫാ. എ.പി. ജേക്കബ് ആഞ്ഞിലിമൂട്ടിലും മാനേജിംഗ് കമ്മറ്റിയും സൺഡേസ്കൂൾ അദ്ധ്യാപകരും ചേർന്ന് മഞ്ഞനിക്കര തീർത്ഥാടകരെ സ്വീകരിക്കുന്നു.

# വന്ദ്യ. കൊച്ചുപറമ്പിൽ കെ.സി. ആൻഡ്രൂസ് കോർ–എപ്പിസ്ക്കോപ്പ

ഫാ. ജിബിൻ പെരുംകണ്ണാരിൽ

മലബാറിലെ ക്നാനായ സമുദായത്തിന്റെ മാത്രമല്ല സുറിയാനി സഭയുടെ മുഴുവനും ആധുനികകാലത്തെ വളർച്ചയ്ക്ക് ചുക്കാൻ പിടിച്ച വ്യക്തിത്വമായിരുന്നു വന്ദ്യ കെ.സി. ആൻഡ്രൂസ് കൊച്ചുപറമ്പിൽ കോർ. എപ്പിസ്ക്കോപ്പാ സഭ സാമൂഹിക വിദ്യാഭ്യാസ രംഗത്ത് അച്ചൻ നൽകിയ സംഭാവനകൾ വളരെ വലുതാണ്. വന്ദ്യ ആൻഡ്രൂസ് അച്ചന്റെ വേർപാടിലൂടെ മലബാറിലെ സഭയുടെ ഒരു യുഗമാണ് അവസാനിച്ചത്.

ചിങ്ങവനം ദയറാപള്ളി ഇടവകയിൽപ്പെട്ട ചാക്കോ സാറാമ്മ ദമ്പതികളുടെ മകനായിട്ട് 1946 ഓഗസ്റ്റ്മാസം 6–ാം തീയതി കൂടാരപ്പെരുന്നാൾ ദിവസമാണ് അച്ചൻ ജനിച്ചത്. 1950 കളിൽ ക്നാനായ സമുദായത്തിന്റെ രണ്ടാം കുടിയേറ്റം എന്നറിയപ്പെടുന്ന മലബാർ കുടിയേറ്റത്തിൽ മാതാപിതാക്കളോടും സഹോദരങ്ങളോടും മലബാറിലെ നിലമ്പൂരിലേക്ക് കുടിയേറിപ്പാർത്തു. അന്ന് ക്നാനായ സമുദായത്തിന് സ്വന്തമായി ദൈവാലയങ്ങളോ സ്ഥാപനങ്ങളോ ഒന്നും മലബാറിൽ ഉണ്ടായിരുന്നില്ല. പിന്നീട് പള്ളിക്കുത്ത്, ചുള്ളിയോട് രണ്ട് ദൈവാലയങ്ങളുണ്ടായി. എങ്കിലും വൈദീകർ ഇല്ലാതെ ഏറെ ബുദ്ധിമുട്ടി. അങ്ങനെ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ മലബാറിലുണ്ടായിരുന്ന ആളുകൾ ഒരു വൈദികനെ ലഭിക്കണം എന്ന് ആവശ്യപ്പെട്ടു. ഇവിടെ നിന്ന് ഒരാളെ തെരഞ്ഞെടുത്ത് നൽകാൻ അഭി. പിതാവ് കല്പിച്ചപ്പോൾ മദ്ബഹാ ശുശ്രൂഷകനായ കെ.സി. ആൻഡ്രൂസിന്റെ പേര് എല്ലാവരും പറഞ്ഞു അങ്ങനെ തിരുമേനി അദ്ദേഹത്തെ ചിങ്ങവനം സെമിനാരിയിലേക്ക് കൊണ്ടുപോയി പഠിപ്പിക്കുകയും 1974 ജനുവരി 14–ാം കുറിച്ചി മോർ ഇഗ്നാ ത്തിയോസ് പള്ളിയിൽവച്ച് പട്ടം കൊടുത്ത് മലബാറിലേക്ക് അയച്ചു. മലബാറിൽ എത്തി പള്ളിക്കുത്ത്, ചുള്ളിയോട് ദൈവാലയങ്ങളിൽ വികാരിയായി ശുശ്രൂഷിച്ചു. ആ കാലഘട്ടത്തിൽ മലങ്കര സഭയിൽ കക്ഷി വഴക്ക് വീണ്ടും ഉടലെടുക്കുകയും ഇവിടെ യാക്കോബായ സഭയ്ക്ക് വൈദികർ ആരും ഇല്ലാത്ത സാഹചര്യവും, ദൈവാലയങ്ങൾ മുഴുവനും നഷ്ടപ്പെടുന്ന സാഹചര്യവും ഉണ്ടായി. ഈ സമയത്ത് ബഹു. അച്ചൻ നിരവധി ദൈവാലയങ്ങൾ തുടക്കം കുറിക്കാൻ മുന്നിൽനിന്നു. മേലാറ്റൂർ, എരുമമുണ്ട, പാലുണ്ട, മുണ്ടേരി അങ്ങനെ നിരവധി യാക്കോബായ പള്ളികൾ പണിയുകയും ഒരേ സമയം 14 ദൈവാലയങ്ങളിൽ വികാരിയായി ശുശ്രൂഷിക്കുകയും ചെയ്തു. പിന്നീട് വടപുറത്ത് ഓർത്തഡോക്സ് പള്ളിയിൽ കൂടിയിരുന്ന ക്നാനായക്കാരെ ഏകോപിച്ച് വടപുറം പള്ളി അച്ചൻ സ്ഥാപിച്ചു. നിലമ്പൂർ. തൃശൂർ Main Road-ൽ നിൽക്കുന്ന വടപുറം പള്ളി അച്ചന്റെ പ്രയത്നത്താൽ ഉണ്ടായതാണ്. ഇന്ന് മലബാർ മേഖലയിലെ ഏറ്റവും വലിയ പള്ളിയായ വടപുറം പള്ളിയിൽ 44 വർഷങ്ങൾ സേവനം അനുഷ്ഠിച്ചു. അച്ചന്റെ പൗരോഹിത്യ സിൽവർ ജൂബിലി വടപുറത്ത് 25–ന്മേൽ കുർബ്ബാന അർപ്പിച്ചതും ഒരു ചരിത്ര സംഭവമായിരുന്നു.



ദൈവാലയങ്ങൾ മാത്രമല്ല വടപുറം തോട്ടം, വടപുറം working women's Hostel Vadapuram Mar Clemis up School, Vadapuram, Mar Clemis English Mediam School ഇവയെല്ലാം അച്ചന്റെകൂടി പ്രയത്ന ഫലമായി നിർമ്മിച്ചതാണ്.

അതേപോലെ നിലമ്പൂരിൽ സാമൂഹിക പ്രവർത്തനങ്ങളിലും, എക്യുമിനിക്കൽ മേഖലക ളിലും അച്ചൻ നിറഞ്ഞ സാന്നിധ്യമായിരുന്നു. അച്ചന്റെ ആത്മീയ പ്രവർത്തനങ്ങളുടെ ഫലമായി വടപുറത്തനിന്ന് ബഹു. മാത്യു കവിരായിൽ അച്ചനെയും, ബഹു. ടിനോതോമസ് മഠത്തിമണ്ണിൽ അച്ചനേയും ലഭിച്ചു. സിസ്റ്റർ തബീഥാ ജേഷ്ഠന്റെ മകളാണ്. ബഹു. സണ്ണി ജോർജ്ജ് അച്ചൻ. അച്ചന്റെ ഭാര്യാസഹോദരനാണ്. ഇങ്ങനെ സഭയ്ക്ക് വലിയ സേവനം ചെയ്ത അച്ചനെ പരി. അന്ത്യോഖ്യാ സിംഹാസനം കോർ എപ്പിസ്ക്കോപ്പ സ്ഥാനം നൽകാൻ കൽപ്പിക്കുകയും 2009 നവംബർ 3–ാം തീയതി അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് തിരുമേനി കോർ–എപ്പിസ്കോപ്പാ സ്ഥാനം നൽകി. വടപുറം പള്ളിയിൽനിന്ന് വിശ്രമിച്ചശേഷം ചുള്ളിയോട് പള്ളിയിൽ സേവനം ചെയ്തുകൊണ്ടിരുന്ന അച്ചൻ 2020 ഫെബ്രുവരി 8–ാം തീയതി കർതൃസന്നിധിയിലേക്ക് വാങ്ങിപ്പോയി.

മുട്ടിക്കടവ് ചന്ദനപ്പള്ളിൽ തങ്കമ്മയാണ് അച്ചന്റെ അമ്മായി. മൂന്ന് പെൺമക്കളുണ്ട്. ഷേബ, ബിജു, പുല്ലം പള്ളിൽ, ഷീബ ജോയി, പുളിക്കാവിൽ, ഷിബു ഷിജി കുന്നും പുറത്ത് എന്നിവരാണ്.

# വിവാഹിതരായി



Advt -R

**Ajith Jose** (Son of Dr. Jose P. Abraham & Mrs. Ani Susan Philip, Purackal) belonging to St. Mary's Knanaya Church Mamangalam, Ernakulam entered into Holy Matrimony with **Sarah Roy** (Daughter of Commander Roy Abraham & Mrs.Sissy Roy, Thykoodathil) belonging to St. Mary's Knanaya Church Kattodu on 4th January 2020, which was solemnized by the choicest priests of the holy order in the presence of His Eminence Mor Severios Kuriakose, Archbishop of the Knanaya Syrian Archdiocese at St. Mary's Knanaya church, Mamangalam, Ernakulam

# വിവാഹിതരായി



Advt - R

ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ കല്ലുകുഴിയിൽ പ്രൊഫ. ഡോ. ഏബ്രഹാം പുന്നൂസിന്റെയും ഷൈലയുടെയും മകൻ **മീട്ടുവും** കോട്ടയം വലിയ പള്ളിയിൽ അമ്പൂരാൻ ഉള്ളാപ്പള്ളിൽ ദിലീപ് പുന്നൂസിന്റെയും സോണിയയുടെയും മകൾ **നികിതയും** തമ്മിലുള്ള വിവാഹം 2020 ഫെബ്രുവരി 8 നു ഇരവിപേരൂർ പള്ളിയിൽ വെച്ച് അഭിവന്ദ്യരായ കുറിയാക്കോസ് മോർ ഗ്രീഗോറിയോസ്, സഖറിയാസ് മോർ പോളികാർപ്പോസ് എന്നീ തിരുമേനിമാരുടെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ടു.

# വിവാഹിതരായി



കുറ്റൂർ സെന്റ് മേരീസ് ജെറുശലേം ക്നാനായ പള്ളി ഇടവകയിൽ പുത്തൻ വീട്ടിൽ പി. ഐ. തോമസിന്റേയും ലീലാമ്മ തോമസിന്റേയും മകൻ **Linin P. Thomas** ഉം ഈ ഇടവകയിൽപ്പെട്ട കല്ലുമല വീട്ടിൽ കുരുവിള കെ. എ. യുടെയും ബീനാ കുരുവിളയുടെയും മകൾ **Meekha Kuruvilla** യും തമ്മിലുള്ള വിവാഹം 25-01-2020 ൽ കുറ്റൂർ സെന്റ് മേരീസ് ജെറുശലേം ക്നാനായ പള്ളിയിൽ വച്ച് അഭി. മാത്യൂസ് മോർ തിമോത്തിയോസ് മെത്രാപ്പോലീത്തയുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt -

# 50-ാം വിവാഹവാർഷികം

05-04-2020



**മറിയാമ്മ ഏബ്രഹാം** **കെ. എ. ഏബ്രഹാം**
(തങ്കച്ചൻ)

കൊച്ചുപുരയ്ക്കൽ, കുറിച്ചി

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി.

Advt - R

*സ്തോത്രത്തോടെ- മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, സഹോദരങ്ങൾ*

# അഭിനന്ദനങ്ങൾ



മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും MCA പരീക്ഷയിൽ III[rd] റാങ്ക് കരസ്ഥമാക്കിയ **സ്റ്റെഫി സൈമൺ** (Stephy Simon) നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയ പള്ളി ഇടവ കാംഗം പാറേച്ചേരിൽ ജിത്തു ജെയിംസിന്റെ (Jitthu James) ഭാര്യയും, നെടുംപറമ്പിൽ (ഗുജറാത്ത്) പരേതനായ സൈമൺ ഫിലിപ്പിന്റെയും ഷേർളി സൈമന്റെയും മകളുമാണ്.

Advt - O

# Congratulations



Advt - O

Congratulation to **Ms. Rinsu Mathukutty** for securing her P.G. in MCA (Master of Computer Aplications) from Mahatma Gandhi University, Received Second Rank with Distinction. She is the daughter of Late Mr. V.C. Mathukutty and Mrs. Marykutty Mathukutty Vakkayil, and also a member of St. George Knanaya Valiya Palli Neelamperoor.
With Best Compliments from family members



PROJECT BY WAKE

KNANAYA WEDDINGS.COM

# ക്നാനായ വെഡ്ഡിംഗ്സ്

ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി

www.knanayaweddings.com

എറണാകുളം
+91 70254 22022

ചിങ്ങവനം
+91 94461 46000

info@knanayaweddings.com I knanayaweddings@gmail.com




## Happy 70th Birthday

**08- 03-2020**



## M. A Andrews

**Mattathil, Velloothuruthy**

**Dob: 08 - 03 -1950**

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

## Achievement and Accolade



Shri **Shaji Kuriakose**, Grace Villa, Pidaram, Perukavu, Trivandrum has been appointed as Senior Technical Director (Scientist 'F'), NIC, Ministry of Electronics & Information Technology, Government of India. He belongs to Vadakkelampurayidathu Family, Ranni. Wife – Mrs Mini Shaji, Neendisseril, Chingavanam. Daughter – Dyuti Elza Shaji, Senior Software Engineer, Infosys, Trivandrum, Son – Karan Kurian Shaji, Software Engineer, TechbyHeart, Ernakulam, Son-in-law- Subin, Entrepreneur, Trivandrum.

Advt - O

## മോർ ക്ലിമീസ് യു. പി. സ്കൂളിന്റെ പുതുതായി നിർമിച്ച ബ്ലോക്കിന്റെ ഉദ്ഘാടന കർമ്മം





ക്നാനായ സമുദായത്തിന്റെ ഉടമസ്ഥതയിലുള്ള വടപുറം (നിലമ്പൂർ) മോർ ക്ലിമീസ് യു. പി. സ്കൂളിന്റെ പുതുതായി നിർമിച്ച ബ്ലോക്കിന്റെ ഉദ്ഘാടന കർമ്മം സമുദായ മെത്രാപ്പോലീത്ത **ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ തിരുമേനി** നിർവഹിച്ചു. സ്മാർട്ട് ക്ലാസ്സ് മുറി സമർപ്പണം പി. വി. അബ്ദുൾ വഹാബ് എം. പി. നിർവഹിച്ചു. തദവസരത്തിൽ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം ആശംസകൾ അറിയിച്ചു.

## ചാപ്പൽ കൂദാശ



വെളിയനാട് സുഖാർ ധ്യാനകേന്ദ്രത്തിലെ ചാപ്പലിന്റെ വി. മൂറോൻ അഭിഷേക കൂദാശ **ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത** നിർവഹിക്കുന്നു. **വികാരി ജനറാൾ റവ. ഫാ. വി. എ. ഏബ്രഹാം ഇളയശ്ശേരിൽ, ഭദ്രാസന സെക്രട്ടറി പി. റ്റി. മാത്യു പയ്യനാട്ട്, ഫാ. ജേക്കബ് കല്ലുകുളം, ഫാ. മാത്യൂസ് ചെറുകരേത്ത്** (സുഖാർ ധ്യാന കേന്ദ്രം ഡയറക്ടർ), **ശ്രീ. റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ സമുദായ സെക്രട്ടറി** എന്നിവർ സമീപം.

## 40th Day of Demise

**08- 3-2020**



**Honorary Subedar Major**

**K. K. Mathewkutty**

**Kalarickal, Thiruvanvandoor**

By Sorrowing Family

Advt - O

## 40th Day of Demise

**09-03-2020**



**P.T. Zachariah**

(Kunjumon)

(Rtd.Panchayat superintendent)

Panavelil, Ranny

By Loving Family Members

Advt - O

കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

## പ്രാർത്ഥന

" If family prays together stays together"

ഞായറാഴ്ച വി. കുർബ്ബാന കഴിഞ്ഞ് വികാരി അച്ചനെ കാണുവാൻ ജോസഫ് അച്ചന്റെ മുറിയിൽ കാത്തിരുന്നു. അച്ചൻ കാപ്പികുടി കഴിഞ്ഞ് മുറിയിൽ വന്നപ്പോൾ ജോസഫിനെ കണ്ടു.

"എന്താ ജോസഫ്? എന്തെങ്കിലും പ്രത്യേകിച്ച് പറയുവാനുണ്ടോ?"

"അച്ചന്റെ തിരക്ക് കഴിയട്ടെ പറയാം". ജോസഫ് പറഞ്ഞു.

അച്ചനെ കാണുവാനും സംസാരിക്കുവാനും പ്രാർത്ഥിക്കുവാനും വന്നവർ ഉണ്ട്. സർട്ടിഫിക്കറ്റ് എഴുതി വാങ്ങുവാൻ വന്നവരുണ്ട്. വിവാഹക്കുറിയും മാമോദീസാക്കുറിയും വാങ്ങുവാൻ എത്തിയവരുണ്ട്. എല്ലാവരും പോയിക്കഴിഞ്ഞപ്പോൾ ജോസഫ് പറഞ്ഞു.

"അച്ചോ അടുത്ത വ്യാഴാഴ്ച റിപ്പബ്ലിക്ക് ദിനമാണല്ലോ. അച്ചൻ ഫ്രീ ആണെങ്കിൽ എന്റെ വീട്ടിൽ ആകട്ടെ Break fast ഉം Lunch ഉം. ഞങ്ങൾ മാത്രമല്ല ഞങ്ങൾ five fingers ഉം അവരുടെ പങ്കാളികളും ഉണ്ടായിരിക്കും. അച്ചന്റെ ക്ലാസ്സ് മറ്റുചിലർക്കുകൂടി പ്രയോജനപ്പെടട്ടെ".

അച്ചൻ ഉത്സാഹത്തോടെ ചോദിച്ചു.

"അതെന്താണ് five fingers" .

"അച്ചോ ഞങ്ങൾ അഞ്ച് പേരാണ് സുഹൃത്തുക്കൾ. എല്ലാവരും ഈ ഇടവകക്കാർ തന്നെ. സർപ്രൈസ് കിടക്കട്ടെ. വീട്ടിൽ വരുമ്പോൾ എല്ലാവരെയും പരിചയപ്പെടുത്താം". ജോസഫ് അച്ചന്റെ ആകാംക്ഷയ്ക്ക് അർദ്ധവിരാമം ഇട്ടു.

വ്യാഴാഴ്ച രാവിലെ തന്നെ അച്ചൻ ജോസഫിന്റെ വീട്ടിൽ എത്തി. വന്നപാടെ കുട്ടികൾ അച്ചനെ വട്ടംപിടിച്ചു. അവരുടെ ചോക്ലേറ്റ് അച്ചൻ മറന്നില്ലായിരുന്നു.

"ലിസി ഞാനൊരു ചായമാത്രമേ കുടിച്ചുള്ളൂ. ജോസഫ് പറഞ്ഞു ഇന്നത്തെ ഭക്ഷണമൊക്കെ ഇവിടെയാണെന്ന്".

"തീർച്ചയായിട്ടും. അത്താഴം കൂടി കഴിച്ചിട്ടെ അച്ചനെ വിടുകയുള്ളൂ. മാത്രമല്ല മറ്റുള്ളവർ എല്ലാവരും പത്തുമണി ആകുമ്പോൾ ഹാജരാകും. അതുവരെ നമുക്കു ധാരാളം സമയമുണ്ട്". ലിസി വളരെ സന്തോഷവതിയാണ്.

"അച്ചോ ഗുഡ്മോർണിംഗ്".

ജോസഫാണ്.

അച്ചനും പ്രത്യഭിവാദ്യം ചെയ്തു.

പ്രഭാതഭക്ഷണം കഴിഞ്ഞ് ജോസഫ് ഹാളിൽ എല്ലാവർക്കും ഇരിപ്പിടം ക്രമീകരിച്ചു. ഒൻപതര മുതൽ സുഹൃത്തുക്കൾ വന്നു തുടങ്ങി. ഒപ്പം അവരുടെ കുട്ടികളും. ജോസഫ് കുട്ടികൾക്ക് കളിക്കുവാനുള്ള സംവിധാനങ്ങൾ ടെറസ്സിൽ ഒരുക്കിയിരുന്നതിനാൽ കുട്ടികൾ വന്നപാടെ ടെറസ്സിലേക്കു പോയി. ഇനിയും അവരുടെ ലോകമാണവിടെ. എല്ലാവരും വന്നുകഴിഞ്ഞപ്പോഴാണ് five fingers ആരൊക്കെയാണെന്ന് മനസ്സിലായത്. എല്ലാവരും തന്റെ ഇടവകയിൽ നിന്നുള്ളവരായതിനാൽ പ്രത്യേകം പരിചയപ്പെടേണ്ടി വന്നില്ല.

റോയിയുടെ ഭാര്യ രജനി അച്ചൻ മുൻപിരുന്ന ഇടവകയിൽ നിന്നാണ്. അവിടെയും സൺഡേസ്കൂൾ അദ്ധ്യാപികയായിരുന്നു. റോയി സർക്കാർ ഉദ്യോഗസ്ഥനും സൺഡേസ്കൂൾ അദ്ധ്യാപകനും. റ്റിജോ മദ്ബഹായിലെ ശുശ്രൂഷകനും സൺഡേസ്കൂൾ അദ്ധ്യാപകനും, ഹൈസ്കൂൾ അദ്ധ്യാപകനുമാണ്. ഭാര്യ രേഷ്മ സൗദിയിൽ നേഴ്സായിരുന്നു. ഇപ്പോൾ ഗൃഹഭരണം. ജോജോ ബിസിനസുകാരനും പള്ളിയിലെ ക്വയറിൽ കീബോർഡ് വായിക്കുന്ന ക്വയർ മാസ്റ്റർ. ഭാര്യ സുജ വീട്ടമ്മ. ബിനു ഒരു സ്വകാര്യസ്ഥാപനത്തിലെ മാനേജർ ഭാര്യ സജിനി ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. രണ്ടുപേരും സൺഡേസ്കൂൾ അദ്ധ്യാപകരാണ്. എല്ലാവരുടെയും മക്കൾ സ്കൂൾ വിദ്യാർത്ഥികളാണ്.

എല്ലാവരെയും കണ്ടുകഴിഞ്ഞപ്പോൾ അതിശയത്തോടെ അച്ചൻ പറഞ്ഞു

"ഇങ്ങനെയൊരു കൂട്ടം എന്റെ ഇടവകയിൽ ഉണ്ടെന്ന് ഞാനറിഞ്ഞിരുന്നില്ല. എങ്കിലും സന്തോഷം. ഏതായാലും ജോസഫിനോടും ലിസിയോടും പറഞ്ഞുതുടങ്ങിയ വിഷയങ്ങൾ ഇനി നിങ്ങളോടും പറയാമല്ലോ. അതിനായി നിങ്ങളുടെ five fingers തയ്യാറായതിൽ വളരെ സന്തോഷമുണ്ട്".



“അച്ചോ, ഞങ്ങളെല്ലാവരും വലിയ തിരക്കുള്ളവരാണ്. എങ്കിലും വിവരദോഷംകൊണ്ട് രണ്ട് പാത്രമാകേണ്ട ഞങ്ങളുടെ പ്രിയപ്പെട്ട ജോസഫും ലിസിയും അച്ചന്റെ പരിശ്രമം കൊണ്ട് പൂർവ്വാധികം സന്തോഷമായി കഴിയുന്നതിനുള്ള സന്തോഷവും നന്ദിയും അറിയിക്കുവാനാണ് ഞങ്ങൾ ഇന്നിവിടെ കൂടിയിരിക്കുന്നത്. മാത്രമല്ല അച്ചൻ നല്ല കുടുംബജീവിതം നയിക്കുവാനുള്ള വഴികൾ അവർക്കു പറഞ്ഞുകൊടുക്കുമ്പോൾ ഞങ്ങൾക്കു കൂടി ലഭിക്കുവാനായിട്ടും കൂടിയാണ് ഞങ്ങളുടെ പരിശ്രമം. തിരക്കേറിയ ജീവിതത്തിൽ പലപ്പോഴും വിട്ടുകളയുന്ന കാര്യങ്ങൾ എത്ര പ്രാധാന്യമുള്ളതാണെന്നുകൂടി ഞങ്ങൾ തിരിച്ചറിയുന്നില്ല. ആയതിനാൽ അച്ചന്റെ നിർദ്ദേശങ്ങൾ നേരിട്ട് കേൾക്കുവാനുള്ള ഭാഗ്യമായി ഈ കൂടിവരവിനെ ഞങ്ങൾ കാണുകയാണ്”.

ബിനു പറഞ്ഞു

“വളരെ സന്തോഷം. ബിനു പറഞ്ഞതുപോലെ നമ്മുടെ ഈ കൂടിവരവ് ക്രിയാത്മകമായി തീരട്ടെയെന്ന് ആശിക്കുന്നു. മാതൃകാ കുടുംബജീവിതം എപ്രകാരമായിരിക്കണമെന്ന് വേദപുസ്തകാടിസ്ഥാനത്തിലും മനഃശാസ്ത്രാടിസ്ഥാനത്തിലും ഞങ്ങൾ ചിന്തിച്ചു. ഇന്നത്തെ ചർച്ചയ്ക്ക് കുടുംബജീവിത വിജയത്തിൽ പ്രാർത്ഥനയുടെ പ്രസക്തിയെക്കുറിച്ച് ഈ ഒഴിവുദിനത്തിൽ ചിന്തിക്കാം” അച്ചൻ five fingers നെ ചർച്ചയിലേക്ക് ആകർഷിച്ചു.

ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം. ഒരുമിച്ച് ജീവിക്കും പ്രാർത്ഥനാധിഷ്ഠിതമായ കുടുംബം ഏതു പ്രതിസന്ധിയിലും തളരാതെ മുന്നോട്ട് ഗമിക്കും. പ്രാർത്ഥന ശക്തിയാണ്. ദൈവത്തോട് ആലോചന കഴിക്കുന്ന കുടുംബം. ദൈവഹിതത്തിനായി സമർപ്പിക്കുന്ന കുടുംബം തകരുകയില്ല.

ക്രിസ്തു കേന്ദ്രീകൃതമായ കുടുംബം അഥവാ, ക്രൈസ്തവ കുടുംബം. രണ്ടുനേരവും പ്രാർത്ഥിക്കുകയും ഞായറാഴ്ച വി. കുർബ്ബാനയിൽ സംബന്ധിക്കുകയും പരിശുദ്ധ സഭയുടെ നോമ്പുകളും ഉപവാസവും ആചരിക്കുകയും ചെയ്യും. അപ്രകാരമുള്ള ഭവനം ഏത് കാര്യവും ദൈവത്തോട് ആലോചിച്ചു മാത്രമെ ചെയ്യൂ. ക്രിസ്തു ഈ വീടിന്റെ നായകൻ എന്ന് കട്ടിളപ്പടിയിൽ എഴുതി വച്ചാൽപോരാ അത് പ്രാവർത്തികമാക്കണം.

“അച്ചോ ഞങ്ങളുടെ മക്കൾ സ്കൂളിൽ പോകുമ്പോഴും ഞങ്ങൾ വിവിധകാര്യങ്ങൾക്കു പുറത്തേക്കു പോകുമ്പോഴും പ്രാർത്ഥിച്ചിട്ടുമാത്രമെ പോകാറുള്ളൂ. ഞങ്ങൾ ഇത് സൺഡേസ്കൂളിലും കുട്ടികളെ പഠിപ്പിക്കുന്നുണ്ട്.”.

റോയി അഭിമാനത്തോടെ പറഞ്ഞു

“കൊള്ളാം. നല്ലകാര്യം. അങ്ങനെ വേണം” അച്ചൻ അഭിനന്ദിച്ചു.

“യഹോവയെ ഭയപ്പെട്ട്, അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ; നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും; നീ ഭാഗ്യവാൻ; നിനക്കു നന്മവരും. നിന്റെ ഭാര്യ നിന്റെ വീട്ടിനകത്ത് ഫലപ്രദമായ മുന്തിരിവള്ളിപോലെയും നിന്റെ മക്കൾ നിന്റെ മേശയ്ക്കുചുറ്റും ഒലിവുതൈകൾപോലെയും ഇരിക്കും. യഹോവഭക്തനായ പുരുഷൻ ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവനാകും” (സങ്കീ.128:1-4).

ദൈവത്തെ ഭയപ്പെട്ട് അവന്റെ വഴികളിൽ നടക്കുന്ന മനുഷ്യൻ ഭാഗ്യവാൻ എന്ന് പ്രാർത്ഥിക്കുന്ന ദൈവമക്കളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അനുഗ്രഹിക്കപ്പെട്ട കുടുംബം എന്ന് വിശേഷിക്കപ്പെടുന്നത് ദൈവഭയമുള്ളവരുടെ ഭവനമാണ്.

“യഹോവയിൽ തന്നെ രസിച്ചുകൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും” (സങ്കീ. 36:4).

ദൈവത്തോടുള്ള ബന്ധത്തിൽ ജീവിക്കുന്ന ഒരു കുടുംബവും നഷ്ടമാകയില്ല.

“യഹോവയുടെ കണ്ണ് നീതിമാന്മാരുടെമേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു” (സങ്കീ. 34:15).

ഇതുപോലെ അനേക വചനങ്ങൾ വി. ബൈബിളിൽ നിന്നും ചൂണ്ടിക്കാണിക്കുവാനുണ്ട്. ഈ വചനങ്ങളൊക്കെ പ്രാർത്ഥനയുടെ പ്രാധാന്യം സൂചിപ്പിക്കുന്നു.

കുടുംബപ്രാർത്ഥനയും ഞായറാഴ്ച ആരാധനയും

നോമ്പും ഉപവാസവും ഒക്കെ അനുഷ്ഠിക്കുന്ന കുടുംബം നഷ്ടമാകയില്ല. ക്രിസ്തുവിനെ കേന്ദ്രബിന്ദുവാക്കുന്ന കുടുംബമാണ് നമ്മുടേതെങ്കിൽ പ്രാർത്ഥന ഒഴിവാക്കുവാൻ കഴിയില്ല. എന്നാൽ പ്രാർത്ഥന എന്താണെന്ന് ശരിയായി ധരിച്ചിരിക്കണം. പ്രാർത്ഥന ദൈവത്തിന്റെ മനസ്സുമാറ്റാനുള്ള ഉപാധിയല്ല. പ്രാർത്ഥന ദൈവഹിതത്തിനുള്ള സമർപ്പണമാണ്. കർതൃപ്രാർത്ഥനയിൽ ഇങ്ങനെ ചൊല്ലുന്നു.

"നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ"

എന്നുപറഞ്ഞാൽ ദൈവഹിതം നമ്മുടെ ജീവിതത്തിൽ നിറവേറ്റപ്പെടുവാനുള്ള ഭരമേല്പിക്കലാണ് പ്രാർത്ഥന. നാം അനുഗ്രഹങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാറുണ്ട്. അനുഗ്രഹദാതാവായ ദൈവത്തെ ലഭിക്കുവാനാണ് പ്രാർത്ഥിക്കേണ്ടത്. ആ പ്രാർത്ഥനയാണ് പൂർണ്ണമായ പ്രാർത്ഥന.

"യാചിപ്പീൻ നിങ്ങൾക്കു ലഭിക്കും; അന്വേഷിപ്പീൻ കണ്ടെത്തും" എന്ന് കർത്താവ് തന്നെ പറഞ്ഞിട്ടുണ്ടല്ലോ. "അപ്പോൾ പ്രാർത്ഥന വേണമെന്ന് തന്നെയാണല്ലോ". ജോജോയാണ് പറഞ്ഞുതുടങ്ങിയത്. ബാക്കിയുള്ളവരും അതിനെ ശരിവച്ചു.

"തെറ്റിദ്ധരിക്കേണ്ട" അച്ചൻ പറഞ്ഞു.

ഞാൻ പറഞ്ഞത് ശരിയായ പ്രാർത്ഥനാ ശൈലിയിൽ നിന്നും നാം അകന്നു പോയിട്ട് കേവലം കാര്യസാധ്യത്തിനുള്ള പ്രാർത്ഥയായി മാറുന്ന കാലമാണ് ഇന്നത്തേത്. നാം പ്രാർത്ഥിക്കുന്നതിന് മുൻപുതന്നെ നമ്മുടെ ആവശ്യങ്ങൾ അറിയുന്ന ദൈവത്തോടാണ് ദൈവകരുണയ്ക്കായി നാം യാചിക്കുന്നത്. ഒരു പിതാവ് തന്റെ മകന്റെ ആവശ്യങ്ങളെക്കുറിച്ച് എത്രയോ ബോധവാനാണ്. എങ്കിലും മക്കൾ തങ്ങളുടെ ആവശ്യങ്ങൾ അപ്പനോട് പറയാറുണ്ട്. എന്നാൽ ദൈവം മനുഷ്യനായ പിതാവിനെക്കാൾ എത്രയോ ഉയരങ്ങളിലാണ്. "മക്കളിലപ്പൻ കൃപ ചെയ്‌വതുപോലെ" എന്നു നാം പാടുന്നുണ്ട്. ആ ദൈവം നമ്മുടെ ആവശ്യങ്ങളെക്കുറിച്ച് നമ്മെക്കാൾ ബോധവാനാണ്. അത് നിറവേറ്റിത്തരുവാൻ ജാഗരൂകനുമാണ്. പ്രാർത്ഥിക്കുന്നത് നമ്മുടെ ധർമ്മമാണ്. പ്രാർത്ഥന എന്നാൽ ദൈവവുമായുള്ള സംസർഗ്ഗം എന്നാണ്. ആയതിനാൽ നാം പ്രാർത്ഥിക്കേണ്ടത് ദൈവത്തെ ലഭിക്കുവനാണ്. അല്ലാതെ ഭൗതികനേട്ടങ്ങൾക്കുവേണ്ടി ആയിരിക്കരുത്.

ബിനു ചോദിച്ചു.

സൺഡേസ്കൂൾ ക്ലാസ്സിലെ എന്റെ കുട്ടികളുടെ സംശയമാണ് "എന്തുകൊണ്ടാണ് നമ്മുടെ എല്ലാ പ്രാർത്ഥനകളും ദൈവം സ്വീകരിക്കാത്തത്"?

ദൈവത്തെ ഒരു യന്ത്രപ്പാവപോലെ കാണുവാനാണ് നമ്മുടെയൊക്കെ ആഗ്രഹം. നാം ചോദിക്കുന്നതൊക്കെ ദൈവം തന്നുകൊള്ളണം എന്നതാണ് നമ്മുടെ കാഴ്ചപ്പാട്. എന്നാൽ ദൈവം നമ്മുടെ യോഗ്യമായ പ്രാർത്ഥനകൾക്ക് മറുപടി നൽകുന്ന സ്നേഹവാനായ ദൈവമെന്ന് നാം തിരിച്ചറിയണം. എന്നാൽ നമ്മുടെ അയോഗ്യമായ പ്രാർത്ഥനകൾ മാത്രമല്ല ചില യോഗ്യമായ പ്രാർത്ഥനകൾപോലും ചിലപ്പോൾ അനുകൂല മറുപടി കിട്ടാതെ വന്നേക്കാം. അതിനാണ് ദൈവഹിതത്തിനായി സമർപ്പിക്കണമെന്ന് പറയുന്നത്.

എന്നാൽ പ്രാർത്ഥനകൾക്ക് ദൈവം നൽകുന്ന മറുപടി എപ്രകാരമെന്ന് ശ്രദ്ധിക്കാം.

**1. ഉവ്വ്/Yes**

നമ്മുടെ പ്രാർത്ഥനകൾക്ക് ചിലപ്പോൾ ഉവ്വ്/yes മറുപടി കിട്ടിയേക്കാം. ചില പ്രാർത്ഥനകൾക്ക് താമസംവിനാ അനുകൂലമായ മറുപടി ലഭിച്ചേക്കാം. വേദപുസ്തകത്തിൽ നിന്നും നമ്മുടെ സ്വന്തഅനുഭവങ്ങളിൽ നിന്നും ആ സത്യം തിരിച്ചറിയേണ്ടതാണ്.

**2. ഇല്ല/No**

ചില അവസരങ്ങളിൽ ഉത്തരം ലഭിക്കാതെ വന്നേക്കാം. എത്രമാത്രം പ്രാർത്ഥിച്ചാലും ചില പ്രാർത്ഥനകൾ ഉത്തരം അർഹിക്കുന്നില്ലായിരിക്കാം. ആയതിനാൽ ഉത്തരം ലഭിക്കാതെ വന്നാൽ തളർന്നു പോകേണ്ടതില്ല.

**3. കാത്തിരിക്കാം/Wait**

നമ്മുടെ പ്രാർത്ഥനകൾക്ക് ഒരു പക്ഷെ ഉടനെ ഉത്തരം കിട്ടിയെന്നു വരില്ല. ചിലപ്പോൾ കാത്തിരിക്കേണ്ടി വന്നേക്കാം. ദൈവമക്കൾ കാത്തിരിക്കുവാൻ മടിയുള്ളവരല്ല. ആയതിനാൽ നമ്മുടെ പ്രാർത്ഥനകൾക്ക് ഉടനടി മറുപടി കിട്ടണമെന്ന് ശഠിക്കുവാൻ പാടില്ല. ദൈവതിരുഹിതത്തിനായി സമർപ്പിക്കണം.

ഈ മൂന്നു വിധത്തിലുള്ള മറുപടിയ്ക്കും മുകളിൽ ദൈവേഷ്ടം എന്ന വസ്തുതയുണ്ട്. പ്രാർത്ഥനയ്ക്ക് ദൈവം നമ്മുടെ ഇഷ്ടത്തിനുള്ള മറുപടി നൽകണമെന്ന് നാം വാശിപിടിക്കരുത്. എന്ത് യാചിച്ചാലും "ദൈവമേ നിന്റെ ഇഷ്ടംപോലെ ആകട്ടെ" എന്ന് കൂട്ടിച്ചേർത്ത് പ്രാർത്ഥിക്കണം. അത് നമ്മുടെ ധർമ്മമാണ്

(തുടരും)

# കരയുന്ന മാനസം

**പുളിങ്കുന്ന് ലൂക്കാ**

കരയുവാൻ മാത്രമോയെന്നുമീ ജീവിതം
കണ്ണുനീർമാത്രമോയെന്നുമെൻ മാനസം,
കരഞ്ഞ്, കരഞ്ഞെന്റെ കണ്ണീരുപുഴയായി
കരകാണാകടലിനെപുൽകിടുമ്പോൾ
കരയുന്നു വീണ്ടും കരളറിയാതെ ഞാൻ
കദനത്തിൻ കടലിലെകടലാസു തോണിയിൽ,
കരയുന്ന കരളിന്റെ കരുണാർദ്രസംഗീതം
കാലത്തിൻ കോലമായി നിർഗമിച്ചീടുന്നു
കാലം പറഞ്ഞതും കഥനം പറഞ്ഞതും
കേൾക്കാതെകേഴുന്ന നീലമുകിൽപ്പക്ഷി
കാലങ്ങൾ കേവലം കോലങ്ങളല്ലേ
കാറ്റിൽപ്പറയുന്ന മോഹങ്ങളല്ലേ
കാലത്തിൻ കോലങ്ങൾ കണികണ്ട് ഉണരുന്ന
നീലാംബരത്തിന്റെ താരാപഥങ്ങളിൽ
കേഴുന്ന സന്ധ്യയായി ഏകാന്തസന്ധ്യയായി
പോകുന്ന സന്ധ്യയും ഓമൽക്കിനാക്കളും
അറിയാതെപോകുന്നു, പറയാതെ കേഴുന്നു
ഓമന സ്വപ്നങ്ങൾ ഒരായിരങ്ങൾ,
എന്നിട്ടും തിരയുന്നു പിന്നെയും തിരയുന്നു
കാലമേനിന്നിലെ മോഹപ്രയാണമായി.

# "ദൈവരാജ്യം നിങ്ങളുടെ ഉള്ളിലാണ്"

ഡോ. ഐബി ജോസ്, റാന്നി

'ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്ത രപ്പെടുവിൻ' എന്നു യേശുവും ശിഷ്യന്മാരും പ്രസംഗിച്ചു. യേശു ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചപ്പോഴും 'നിന്റെ രാജ്യം വരണമെ' എന്നു പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു. ഭൂമിയിൽ 'ദൈവരാജ്യം' സ്ഥാപിക്കുവാനാണ് യേശു ഭൂമിയിലവതരിച്ചതെന്ന് യേശുവിന്റെ ശുശ്രൂഷയിലൂടെ യേശുതമ്പുരാൻ വ്യക്തമാക്കുന്നു. "ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല നീതിയും സമാധാനവും പരിശുദ്ധാത്മാവിൻ സന്തോഷവും അത്രേ." റോമർ 14:17. അവനവനോടും സഹജീവികളോടും ദൈവം തമ്പുരാനോടുമുള്ള നീതിയും, സമാധാനവും, നിറപ്പും, അവനവന്റെയുള്ളിൽ പരിശുദ്ധാത്മാവ് നിറഞ്ഞു കവിയുമ്പോഴുള്ള സന്തോഷവുമാണ് ദൈവരാജ്യ അനുഭൂതി എന്നു ബൈബിൾ പറയുന്നു.

'ദ കാത്തലിക് എൻസൈക്ലോപീഡിയായിൽ ഉറപ്പിച്ച് പറയുന്നു 'ദൈവരാജ്യം' എന്നതിനർത്ഥം നമ്മുടെ ഹൃദയങ്ങളിലുള്ള ദൈവത്തിന്റെ ഭരണം എന്നാണ്. ദൈവരാജ്യം ഹൃദയത്തിലാണെന്ന് യേശു തമ്പുരാൻ വ്യക്തമാക്കുന്നു. "ദൈവരാജ്യം നിങ്ങളുടെ ഇടയിൽതന്നെ ഉണ്ടല്ലോ" ലൂക്കോസ് 17:20–21. സത്യദൈവം വസിക്കുന്നത് മനുഷ്യന്റെ ഉള്ളിൽ തന്നെയാണെന്ന് ബൈബിളിൽ പലയി ടത്തായി പറഞ്ഞിരിക്കുന്നു.

പരിശുദ്ധാത്മാവിന്റെ ബോധപ്രകാരം നമ്മുടെ ഉള്ളിൽ 'ദൈവരാജ്യം' തെളിയിച്ച് പ്രകാശിക്കുമ്പോൾ നമ്മുക്ക് സംശുദ്ധമായ മഹാബോധം/സുബോധം ലഭിക്കുന്നു. കോടാനുകോടി സൂര്യപ്രഭയോടെ പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ നമ്മുടെയുള്ളിൽ കത്തിജ്വലിക്കുമ്പോൾ നാം പരിപൂർണ്ണത കൈവരിക്കുന്നു. ബുദ്ധിക്കു പ്രകാശമായ വിശുദ്ധി ഉണരുന്നു.

ഭൂമിയിൽ എല്ലായിടത്തും എല്ലാ മേഖലകളിലും ദൈവത്തെ അന്വേഷിച്ചലഞ്ഞു തിരിഞ്ഞശേഷം സ്വന്തം നെഞ്ചിൽ തന്നെ കണ്ടെത്തേണ്ട സത്യമാണ് 'ക്രിസ്തു' എന്നു ദൈവാന്വേഷികൾ പറയുന്നു. അവനവന്റെ അകത്തേയ്ക്കു തന്നെയുള്ള തളരാത്ത, പതറാത്ത യാത്ര ബലിയും, ക്ലേശവും, ത്യാഗവും, പീഢാസഹനങ്ങളും, അനേകം ക്രൂശു മരണങ്ങളും നിറഞ്ഞതാണ്. അകത്തേയ്ക്കുള്ള യാത്രയിൽ അഹങ്കാരം (ego) യുടെ ഓരോ പോളകളും അഥവാ പല കോശങ്ങളും (Sheaths) അടർന്നു വീഴുന്നു. പാമ്പ് പുറന്തോല് (പടം) പൊഴിക്കുന്നതുപോലെ വിവിധ അഹം കേന്ദ്രീകൃത മേഖലകൾ പൊഴിച്ചു കളഞ്ഞുവെങ്കിലെ ഉയരങ്ങളിലെത്തി 'പരമപദം' പ്രാപിക്കുവാനാകൂ. ഏറ്റവും ഉള്ളിലാണ് 'ദൈവരാജ്യം' അവിടെ നമുക്ക് ദൈവത്തെ കണ്ടുമുട്ടാം. ജീവിച്ചിരിക്കെ തന്നെ 'ഒന്നാം സ്വർഗ്ഗം', 'രണ്ടാം സ്വർഗ്ഗം' 'മൂന്നാം സ്വർഗ്ഗം' എന്നിങ്ങനെ സ്വർഗ്ഗാധി സ്വർഗ്ഗങ്ങളുടെ വിവിധ തട്ടുകൾ കടന്ന് സത്യ സ്വർഗ്ഗലോകത്തെത്തുന്നവർ ജീവിച്ചിരിക്കെ തന്നെ പല കഷ്ടാനുഭവങ്ങളും, പീഢാ മരണങ്ങളും കഴിഞ്ഞവരാണ്. വിശ്വപ്രപഞ്ചം നമ്മുടെ ഉള്ളിൽ തന്നെയാണ്. യഥാർത്ഥ 'സ്വർഗ്ഗലോകം' കണ്ടെത്തിയവർ അവനവന്റെ ഉള്ളിൽ 'വിശ്വപ്രപഞ്ചം' (universe) കണ്ടെത്തി അതിനെയും ജയിച്ചവരാണ്. ഉള്ളിന്റെയുള്ളിലെ പരിശുദ്ധമായ ബോധമാണ് നമ്മുടെ ഉള്ളിലെ ദൈവരാജ്യത്തിലെ സ്വർഗ്ഗീയ സിംഹാസനത്തിൽ വാണരുളുന്ന ദൈവശ്രേഷ്ഠത.

ത്വക്കിൽ നിന്നും മാംസവും മേദസ്സും മജ്ജയും മനസ്സും കടന്ന് ആത്മാവിന്റെ ആഴങ്ങളിലൂടെയൊഴുകുന്ന സ്വർഗ്ഗീയ ലഹരി തേടിയുള്ള ഒരു തീർത്ഥയാത്രയായിരിക്കണം നമ്മുടെ ഓരോ പ്രാർത്ഥനയും, ധ്യാനവും, മൗനവും. ചർമ്മ സൗന്ദര്യത്തിനും, മാംസ മോഹത്തിനും മനസിന്റെ മോഹങ്ങൾക്കും അപ്പുറം ആത്മാവിലെ ബോധ സൂര്യന്റെ വെണ്മ തേടിയുള്ള പദയാത്ര. ആത്മാവിനെ പൊതിഞ്ഞിരിക്കുന്ന അഞ്ച് ആവരണങ്ങളായ പഞ്ചകോശത്തെക്കുറിച്ച് ആയുർവേദവും ഉപനിഷത്തും വേദങ്ങളും പറയുന്നുണ്ട്.

അകത്തേക്കുള്ള യാത്ര തുടരുന്നതിനുള്ള ഊർജ്ജവും ഇന്ധനവും ലഭിക്കുന്നത് പരിപൂർണ്ണമായ 'എളിമ' കൈവരിക്കുമ്പോഴാണ്. 'ഞാൻ ഒന്നുമല്ല', 'എന്റെയുള്ളിൽ വസിക്കുന്ന ദൈവ ജ്യോതിയാണ് എല്ലാം നിയന്ത്രിക്കുന്നതും നടപ്പിലാക്കുന്നതും' എന്ന ചിന്ത അഹങ്കാരം വെടിയുവാനും എളിമയുടെ ശക്തിയിലൂടെ സകല ഐശ്വര്യങ്ങളും അനുഗ്രഹങ്ങളും കൊയ്തെടുക്കുവാനും കഴിയുന്നു. അഹങ്കാരം, ഞാനെന്ന ചിന്ത/ഭാവം അകത്തേയ്ക്കുള്ള യാത്രയ്ക്കു തടസ്സമാണ്. അത് വിവിധയിനം ചിന്തകളുത്പാദിപ്പിച്ച് ചന്തവും ചതിയും നിറഞ്ഞ ചിന്തകൾ വർദ്ധിപ്പിച്ച് നമ്മെ പുറം ലോകത്തേക്ക് വഴിതിരിച്ച്/ഗതി, ദിശ തെറ്റിച്ച് വിടുന്നു. മനസിന്റെ ദുർവാസനകൾ അമിതമാക്കി ലൗകീക വ്യഗ്രതയുടെ, ആകർഷണങ്ങളുടെ ഭ്രമങ്ങളുടെ മായാവലയത്തിലാക്കുന്നു. എന്തു വലിയ കാര്യങ്ങൾ ചെയ്താലും 'ഞാൻ' ചെയ്യുന്നു എന്ന അഭിമാനബോധമോ, അഹംബോധമോ ഇല്ലാതെ വിനയത്തോടെ വർത്തിക്കുന്നതാണ് വാസ്ഥവീക ബോധം/ യഥാർത്ഥ ബോധം / സുബോധം. 'എല്ലാം എന്റെ തലയിൽ കൂടെ പോകുന്നു', ഞാനില്ലെങ്കിൽ ഒന്നും നടക്കില്ല എന്ന ബോധം/ചിന്തയാണ് മിഥ്യാ ബോധം/തെറ്റായ ബോധം. അപകർഷതാബോധം മറി കടക്കുവാനും അഹം ബോധം/അഹങ്കാരം ഉടലെടുക്കാറുണ്ട്. 'ഞാൻ' 'ഞാൻ' എന്ന അഹന്താബോധത്തിൽ രസിച്ചു രസിച്ചു ഒരു വ്യാജ സന്തോഷത്തിന്റെ 'മൂഢ സ്വർഗ്ഗത്തിൽ' വസിക്കുന്ന വിഡ്ഢികളാണ് പലപ്പോഴും മനുഷ്യർ. നാം മുകളിലേയ്ക്കെത്തെടുത്തെറിഞ്ഞാലും അതു തിരികെ താഴെ ഭൂമിയിൽ വന്നു വീഴുന്നു. ഭൂഗുരുത്വാകർഷണ ബലം (centre of gravity) എല്ലാം ഭൂമിയിലേക്ക് ആകർഷിക്കുന്നതു പോലെ അഹം കേന്ദ്രീകൃത വ്യക്തിത്വം (Ego centric personality) എല്ലാം തന്നിലേക്ക് ആകർഷിച്ച് വലിച്ചടുപ്പിച്ച് പരിമിതമായ, അപൂർണ്ണമായ സംതൃപ്തിയുടെ മിഥ്യാ/മായാലോകം സൃഷ്ടി ക്കുന്നു. ഭൂമിയുടെ ഗുരുത്വാകർഷണ വലയം ഭേദിച്ച് റോക്കറ്റും ഉപഗ്രഹങ്ങളും ഭൂമിയുടെ പരിധിവിട്ട് അനന്തമായ ആകാശ ലോകങ്ങളിലേക്ക് (universe) പോകുന്നതുപോലെ ഉയരങ്ങൾ കീഴടക്കാൻ അഹംഭാവം, അഹങ്കാരം (ego) യുടെ പരിധികൾ ഭേദിച്ച് 'എളിമയുടെ ആത്മാവിന്റെ' ഇന്ധനം

ഉള്ളിൽ നിറച്ച് തളരാതെ പതറാതെ 'ചിന്തകൊഴിഞ്ഞ ശൂന്യാകാശം'പോലെയുള്ള 'ആത്മമനസ്' സ്വന്തമാക്കണം. അപകർഷതാ ബോധവും, അഹംബോധവും ഭയമുളവാക്കുന്നു. അഹമൊഴി ഞ്ഞ, താഴ്മയുള്ള 'സമാനത ബോധം/ ഐക്യ ബോധം/ ഒരുമ (universal oneness) നിറഞ്ഞ മനസ്സ് ആത്മ വിശ്വാസം വർദ്ധിപ്പിക്കുന്നു.

ഒരുവൻ ലോകം മുഴുവൻ കീഴടക്കിയാലും അവന്റെ ചിന്തകളെ നിയന്ത്രിച്ച് കീഴ്പ്പെടുത്താനായി ല്ലെങ്കിൽ അവൻ ഒരു വലിയ പരാജയം തന്നെയാണ്. എത്ര ഉന്നതപദവി നേടിയാലും പരാജയബോധമവനെ എപ്പോഴും കീഴടക്കും. മനസ്സിനെ കീഴടക്കി യവൻ സർവ്വ ലോകങ്ങളെയും കീഴടക്കാൻ ശേഷിയുള്ള, വിജയം മാത്രമെന്നും അവകാശപ്പെടാൻ കഴിയുന്ന പോരാളിയാണ്. അതിന് ആദ്യം പോരാടേണ്ടത് സ്വന്തം അഹങ്കാരങ്ങളോടാണ്. അഹങ്കാരങ്ങൾ നല്ലതും ചീത്തയുമാകാം. പോസിറ്റീവും, നെഗറ്റീവുമാകാം. 'ഞാൻ' എന്ന ബോധമൊഴിഞ്ഞ പരമാത്മബോധം, പരിശുദ്ധാ ത്മബോധം എന്ന പരമമായ 'മഹാബോധം' (Neutral) ഉണർന്നവനാണ് എല്ലാം കീഴടക്കിയ വിജയി. ആത്മബലത്തിൽ ചിന്താ മണ്ഡലങ്ങളേയും, അഹങ്കാരങ്ങളേയും, അപകർഷതകളെയും, കീഴടക്കിയവർ ദൈവരാജ്യം സ്വന്തമാക്കും. ബലവാൻമാർ ദൈവരാജ്യം കൈവശമാക്കും.


'അഹംബോധം' വികസിച്ചിട്ടില്ലാത്ത നിഷ്കളങ്കരായ കൊച്ചുകുട്ടികൾ എപ്പോഴും 'ദൈവരാജ്യ' ത്തിലാണ്. അവർ സദാ കളിയിലും ചിരിയിലും ഉല്ലാസ തിമിർപ്പിലും മുഴുകിയിരിക്കുകയാണ്. കുഞ്ഞുകുട്ടികൾക്ക് മുതിർന്നവരെപ്പോലെ ദുഃഖങ്ങളും, ദുരിതങ്ങളും, ഉത്കണ്ഠകളുമില്ല. യേശു കുട്ടികളെ മടിയിലിരുത്തി പറഞ്ഞു 'നിങ്ങൾ ശിശുക്കളെപോലെ യാകുന്നില്ലയെങ്കിൽ ദൈവ രാജ്യത്തിൽ പ്രവേശിക്കയില്ല. (മത്താ.18:3)

അഹം (ego) യുടെ പരിധി അവസാനിക്കുന്ന യിടത്തു വിനയം ഉണരുന്നു. അവിടെ ഒരുവനു ആത്മസാക്ഷാത്കാരം ലഭിക്കുന്നു. ആത്മബോധം ദൈവീകതയിലേക്ക് ഉണരുന്നു. ഉയർന്ന ബോധ നിലവാരത്തിലെത്തിച്ചേരുന്നു.

ജീവിച്ചിരുന്നപ്പോൾ തന്നെ സ്വർഗ്ഗാധി സ്വർഗ്ഗങ്ങളിലേക്ക് വലിച്ചെടുക്കപ്പെട്ട്, ആത്മീയ ദർശനങ്ങളും വെളിപാടുകളും, ആത്മജ്ഞാനവും സ്വായത്തമാത്തിയ വിശുദ്ധർ തന്നെത്തന്നെ പരിത്യജിച്ചു കുരിശെടുത്തു ദൈവത്തെ അനുകരിച്ചും അനുഭവിച്ചും ദൈവത്തിനു പിന്നാലെ ആകാശ ലോകങ്ങളിലേക്ക് 'റോക്കറ്റു' പോലെ കുതിച്ചുയർന്നു പാഞ്ഞ വിശ്വാസവീരന്മാരും ആത്മീയ പോരാളികളുമായിരുന്നു. 'ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു നേട്ടവുമാണെന്നു' പറഞ്ഞവരാണ് ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ തന്നെ 'നിത്യജീവൻ' പ്രാപിച്ചത് അഥവാ ഒരിക്കലും മരിക്കാത്ത ലോകം സ്വന്തമാക്കിയത്.

പരിശുദ്ധാത്മാവിന്റെ അഭാവമാണ് അപകർ ഷതാബോധവും അഹങ്കാരവും സൃഷ്ടിക്കുന്നത്. 'എളിമയെന്ന പരമ പുണ്യം' വി. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ പരിശുദ്ധാത്മാവിൽ നിന്നും ആർജ്ജിച്ചെടുക്കേണ്ടതാണ്. മറിയം എളിമയുടെയും ത്യാഗത്തിന്റെയും വിളനിലമാണ്. അതുകൊണ്ടാണ് വി. റൂഹാ കുദിശാ തമ്പുരാൻ മറിയത്തിനെ ദൈവീക സൂര്യനുദിച്ച ദിവ്യാംബ രവും, ജീവമരത്തെ മുളപ്പിച്ച തിരുവയലുമാക്കിത്തീർന്നത്.

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ സ്വർഗ്ഗരാജ്യം അവർക്കുള്ളത് (മത്താ. 5:3). അവനവന്റെ ഒന്നുമില്ലായ്മയും സ്വയം ശൂന്യതയും അംഗീകരിക്കുന്നവൻ ആത്മാവിൽ ദരിദ്രനാണ്. സ്വർഗ്ഗരാജ്യം അവനുള്ളതാണ്. 'പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല' (യോഹ. 3:3) പാപങ്ങളും, അഹങ്കാരങ്ങളും മരിക്കുന്നയിടത്തു വീണ്ടും ജനനവും, സ്വർഗ്ഗരാജ്യ വിശുദ്ധാത്മ സന്തോഷവും സംജാതമാകുന്നു. സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവെച്ച നിധിയോടു സദൃശ്യം. അതു ഒരു മനുഷ്യൻ കണ്ട് മറച്ചിട്ട് തന്റെ സന്തോഷത്താൽ ചെന്ന് തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങി. ലോകത്തിൽ മറ്റെന്തു നേടിയെടുക്കാനുള്ള ആഗ്രഹങ്ങളും ആസക്തിയും ആകുലതകളും വെടിഞ്ഞ് ഉള്ളിന്റെ ഉള്ളിലെ 'അക്ഷയ നിധിയായ ദൈവരാജ്യാനുഭവം' സ്വന്തമാക്കാൻ ക്ഷമയോടും എളിമയോടും കാത്തിരുന്നു ധ്യാനിച്ച് ശക്തിയെ പുതുക്കുന്നവനാണ് അതു വിധിച്ചിട്ടുള്ളത്. ●



ഹൈറേഞ്ച് മേഖല മഞ്ഞിനിക്കര കാൽനട തീർത്ഥയാത്രക്കായി ക്നാനായ കോൺഗ്രസ് ഐത്തല സെന്റ് കുറിയാക്കോസ് പള്ളി യൂണിറ്റ് നടത്തിയ സൗജന്യ വൈദ്യ പരിശോധനയും മരുന്നു വിതരണവും അഖില മലങ്കര തീർത്ഥാടക സമൂഹം ജനറൽ സെക്രട്ടറി റവ. ഫാ. പി.വി ജോൺ പുന്നമറ്റത്തിൽ ഉദ്ഘാടനം ചെയ്യുന്നു.

# ഇങ്ങനെയും ജീവിതം



ഞങ്ങൾ കണ്ടതിൽവച്ച് വളരെ വ്യത്യസ്തവും വേറിട്ടതുമായ ഒരു ജീവിതം.  വേദനിക്കുന്നതും ആരെയും വേദനിപ്പിക്കുന്നതുമായ ജീവിതം. വെച്ചൂച്ചിറ സ്വദേശിയായ 13 വയസ് മാത്രം പ്രായമുള്ള ഒരു പെൺകുട്ടി. 10 വയസു മുതൽ ആരംഭിച്ചതാണ് അവളുടെ രോഗം. എന്താണു രോഗമെന്ന് വൈദ്യശാസ്ത്രം കണ്ടെത്തിയില്ല. ശരീരം മുഴുവൻ ബലക്ഷയം, കാഴ്ചയും, സംസാരവും, ചലനവും തീരെ ക്ഷയിച്ചിരിക്കുന്നു. ട്യൂബിലൂടെ ദ്രാവകരൂപമായ ഭക്ഷണം നൽകുന്നു. എഴുന്നേറ്റിരിക്കുവാനോ, സ്വയം തിരിയുവാനോ ഒന്നും കഴിയുന്നില്ല. അവ്യക്തമാണു സംസാരവും, കാഴ്ചയും, കേൾവിയും, ബലഹീനമാണു കൈകാലുകൾ. 6 ക്ലാസ് വരെ പഠിച്ചു, പിന്നീടങ്ങോട്ട് ആശുപത്രിയും, ചികിത്സയുമായി പഠനം മുടങ്ങി. 5 വർഷങ്ങൾക്കു മുമ്പ് പിതാവ് മരിച്ചു. ഇവർ 2 പെൺ മക്കളാണ് വീട്ടിൽ. മൂത്തവളെ വിവാഹം കഴിപ്പിച്ചയച്ചു. ഇപ്പോൾ വീട്ടിൽ വൃദ്ധയായ അമ്മൂമ്മയും, അമ്മയും മാത്രമാണുള്ളത്.

അമ്മ വീട്ടു പണിക്കുപോയി വീട്ടുകാര്യങ്ങൾ നടത്തി പോന്നിരുന്നു. കഴിഞ്ഞ മൂന്നു വർഷമായി ഈ മകളുടെ ആശുപത്രിയും ചികിത്സയുമായി പോകുന്നതിനാൽ ജോലിക്കുപോക്കും നടക്കുന്നില്ല. ഒരു മാസമായി റാന്നി താലൂക്കാശു പത്രിയിൽ ആയിരുന്നു. അസുഖത്തിനു കാര്യമായ പുരോഗതി ഒന്നും കാണാത്തതിനാൽ, ചികിത്സിക്കുന്ന ഡോക്ടറുടെ വെല്ലൂർ മെഡിക്കൽ കോളേജിലുള്ള സുഹൃത്തായ ഡോക്ടറുമായി ചികിത്സാകാര്യങ്ങൾ സംസാരിച്ചു. വിദഗ്ദ്ധമായ ചികിത്സക്കായി അവിടേയ്ക്കു കൊണ്ടു ചെല്ലുവാൻ പറയുകയും, അതിനായ് ഇവിടെയുള്ള ഡോക്ടറുടെ നേതൃത്വത്തിൽ, മറ്റു ഡോക്ടർമാരുടെയും, ആശുപത്രി ജീവനക്കാരുടെയും, നല്ലവരായ നാട്ടുകാരുടെയും, ഞങ്ങളുടെയും സഹായത്താൽ വെല്ലൂരിൽ കൊണ്ടുപോയി. അവിടെ ഏകദേശം ഒരു മാസത്തോളം വിവിധ പരിശോധനകളും ചികിത്സകളും നടത്തി. ചില പരിശോധനകളുടെ ഫലം ലഭിക്കുവാനുണ്ട്. മൂന്നു മാസം കഴിഞ്ഞ് വീണ്ടും പോകണം. ഇതുവരെ യുള്ള ചികിത്സയിൽ എന്തൊക്കെയോ മാറ്റം ഉണ്ട്, എന്നാൽ കാര്യമായ മാറ്റം ഇല്ലാതാനും. ഇപ്പോൾ വീണ്ടും ശാരീരിക ക്ഷീണവും, തളർച്ചയുമുണ്ടായിട്ട് താലൂക്കാശുപത്രിയിൽ അഡ്മിറ്റായിരിക്കുന്നു.

5 സെന്റ് സ്ഥലത്തിനകത്ത് ഈ മകളുടെ സ്കൂളിൽ നിന്നും വെച്ചു കൊടുത്ത ഒരു  കൊച്ചു വീട്ടിലാണു ഇവർ താമസിക്കുന്നത്. സഹായിപ്പാൻ ഇവർക്ക് ആരുമില്ല. നല്ലവരായ നാട്ടുകാരുടെ സഹായത്തിലാണ് കാര്യങ്ങൾ നടന്നു പോകുന്നതും. ഹൈന്ദവ വിശ്വാസിക ളായിരുന്ന ഇവർ ഇപ്പോൾ കത്തോലിക്ക വിശ്വാസത്തിൽ ജീവിക്കുന്നു. ഒരു വിശ്വാസിക്കു വേണ്ടുന്ന നല്ല പ്രത്യാശയുടെ യാതൊരു നിഴലും ആ മുഖത്ത് കാണുന്നില്ല. വീട്ടിലുള്ള തന്റെ വൃദ്ധയായ മാതാവിനേയും സുഖമില്ലാത്ത തന്റെ ഈ മകളേയും പരിചരിക്കുമ്പോഴും യാതൊരു പരിഭവവും പരാതിയുമില്ലാതെ കാര്യങ്ങൾ നടത്തുവാനുള്ള ഈ മാതാവിന്റെ മനോധൈര്യം വളരെ പ്രശംസനീയമാണ്.

മുമ്പോട്ടുള്ള കാര്യങ്ങൾ എങ്ങനെയെന്നു വ്യക്തമല്ല എങ്കിലും ദൈവത്തിൽ ആശ്രയിച്ചും, സമർപ്പിച്ചും ദൈവം നടത്തുമെന്നുള്ള പൂർണ്ണവി ശ്വാസം ഈ മാതാവിന്റെ വാക്കുകളിൽ വ്യക്തമാണ്. ദാരിദ്ര്യത്തിന്റെ നടുക്കടലിൽ പ്രത്യാശയോടെ തുഴയുന്ന തോണിയാണ് ഇവരുടെ ജീവിതം. ജീവിത തോണികൾ ആഴിയിൽ മുങ്ങാതെയും, കാറ്റിലും, കോളിലും അകപ്പെട്ട് തകർന്നു പോകാതിരിക്കുവാനുമായി കരുതലിന്റെ കരവുമായി കർത്താവ് തന്റെ മക്കളാകുന്ന വിശ്വാസികളെ ഭൂമിയിൽ വിളിച്ചു വേർതിരിച്ചിരിക്കുന്നു. ആത്മാവിൽ വിളിച്ചിരിക്കുന്ന ഓരോ വിശ്വാസിയും തന്റെ വിശ്വാസം പ്രവർത്തിയിലൂടെ വെളിപ്പെടുത്തണം. അതിനായി ദയയും, കരുണയും, മനസ്സലിവുള്ളവരായി അവരുടെ ഹൃദയത്തെ അലങ്കരിച്ചിരിക്കുന്നു. (സദൃ.28:27) "ദരിദ്രനു കൊടുക്കന്നവനു കുറെച്ചൽ ഉണ്ടാകയില്ല, കണ്ണ് അടച്ചു കളയുന്നവനോ ഏറിയൊരു ശാപം ഉണ്ടാകും". നാം കുറവു കൂടാതെ സമൃദ്ധിയുള്ളവരും അനുഗ്രഹിക്കപ്പെട്ട വരുമായി തീരുവാൻ ആവശ്യക്കാരുടെ ആവശ്യ ങ്ങളിൽ ദയയോടും, കാരുണ്യത്തോടും, മനസ്സലിവോടും കൂടെ സമീപിക്കുവാനും അനുഭാവപൂർവ്വം സഹായിക്കുവാനും തക്കവണ്ണം കണ്ണും കാതും തുറന്നു പിടിക്കുന്ന വിശ്വാസികളാകാം. അതിനു ദൈവം നമ്മെ സഹായിക്കട്ടെയെന്നു  പ്രാർത്ഥിക്കുന്നു.

Fr.Andrews Kadappanangattu, Ranny
Mob. 9495184703

# സുഖാർ ധ്യാനകേന്ദ്രം

കെ. കെ. കുര്യൻ, തൈപ്പറമ്പിൽ

പ്രകൃതി രമണീയവും മനോഹരവുമായ നിലങ്ങളുടെയും ചേലയാറിന്റെ തീരത്തുള്ളതുമായ വെളിയനാട് എന്ന ഗ്രാമത്തിൽ സ്ഥാപിതമായിരിക്കുന്ന സുഖാർ ധ്യാനകേന്ദ്രത്തിൽ, ശമര്യ പട്ടണത്തിലെ യാക്കോബിന്റെ കിണറുള്ള സുഖാർ എന്ന സ്ഥലംപോലെ ധാരാളം ആളുകൾ അതിൽ നിന്നും ജീവജലം സമൃദ്ധിയായി കുടിച്ചുകൊണ്ടി രിക്കുന്നു. (യോഹ. 4:3-38). ഇന്നു കേരളത്തിൽ എങ്ങും ധാരാളം ധ്യാനകേന്ദ്രങ്ങൾ കാണാം. എന്നാൽ ക്നാനായ യാക്കോബായ സുറിയാനിക്കാർക്ക് തനതായി ഒരു ധ്യാനകേന്ദ്രം ഉണ്ടായിരുന്നില്ല. നമ്മുടെ സമുദായ മെത്രാപ്പോലീത്ത അഭി. ആർച്ച്ബിഷപ്പ് കുറിയാ ക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ പ്രത്യേക താല്പര്യപ്ര കാരം 14-12-2014ൽ അന്നത്തെ മുഖ്യമന്ത്രി ആയിരുന്ന ശ്രീ ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്ത ധ്യാനകേന്ദ്രം ഇന്നു കുട്ടനാട്ടിന്റെ ഒരു തിലകക്കുറിയായി ക്നാനായ മക്കൾക്ക് വേണ്ടുന്ന ആത്മീയ ചൈതന്യം നൽകിക്കൊണ്ടിരിക്കുന്നു.

അല്പം പിന്നോട്ടു യാത്ര ചെയ്താൽ വെളിയനാടിന്റെ ആത്മീകവും ഭൗതീകവുമായ വളർച്ചക്കായി തന്റെ സർവ്വ സമ്പത്തും ദാനം ചെയ്ത ഒരു മഹാമനസ്ക്കനെ കാണാം. വെളിയനാട് മാർ സ്തേഫാനോസ് വലിയ പള്ളിയുടെ സ്ഥാപകനേതാക്കളിൽ പ്രധാനി ആയിരുന്ന വാഴയിൽ ഉതുപ്പാൻ തോമായുടെ (കുഞ്ഞ്) ഇളയ മകനായി 1905 ജൂൺ മാസം 19-ാം തീയതി ഭൂജാതനായ ശ്രീ. റ്റി. ഏബ്രഹാം വാഴയിൽ ആണ് അദ്ദേഹം. കല്ലിശ്ശേരി നെടിയൂഴത്തിൽ ലൂക്കോസ് കോർ-എപ്പിസ്ക്കോപ്പായുടെ മകൾ ചാച്ചിക്കുട്ടിയെ വിവാഹം കഴിക്കയും 7 ആണും 7 പെണ്ണുമായി 14 കുട്ടികളെ വളർത്തി വലുതാക്കി. തന്റെ വിദേശത്തുള്ള മക്കളെ കാണുന്നതിനു പോകാൻ തീരുമാനിച്ചപ്പോൾ തന്റെ ജീവിതകാലത്തു താൻ സമ്പാദിച്ച പയ്യോളിയിലുള്ള കുല്പമലതോട്ടം 90 ഏക്കർ, തന്റെ 14 മക്കൾ വളർന്ന വീടും അതിനോടു ചേർന്നുള്ള 3 ഏക്കർ കര ഭൂമിയും 4 ഏക്കർ നിലവും സമുദായത്തിനു വേണ്ടി നൽകുവാൻ അദ്ദേഹം തീരുമാനിച്ചു.

അഭി.ക്ലീമീസ് തിരുമേനി ഈ സ്വത്തുക്കൾ കൈകാര്യം ചെയ്യുവാൻ മദർ സുപ്പീരിയർ സിസ്റ്റർ ശൈനോയെ ഏൽപ്പിക്കുകയും വനിതാ സമാജ ത്തിന്റെ പ്രവർത്തനങ്ങൾക്ക് പ്രചോദനം ആക്കുകയും ചെയ്തു. സൊസൈറ്റി ആക്ട് അനുസരിച്ച് 506/89, dated 13/12/89 കാരുണ്യ പ്രവർത്തനങ്ങൾ ക്കായി ഇതു രജിസ്റ്റർ ചെയ്തു. 1988 ആഗസ്റ്റ് 15ന് ഔപചാരികമായി അദ്ദേഹത്തിന്റെ മകൾ സിസ്റ്റർ മഗ്ദലൻ, ക്ലീമ്മീസ് തിരുമേനിക്ക് കുടുംബ വീടിന്റെ താക്കോൽ കൈമാറി. തയ്യൽ പരിശീലനം, കമ്പ്യൂട്ടർ പരിശീലനം, പട്ടുനൂൽ പുഴു വളർത്തൽ മുതലായ തുടങ്ങിയെങ്കിലും കാലാന്തരത്തിൽ നിന്നുപോയി. ഓതറ നസ്രേത്താശ്രമത്തിന്റെ കീഴിൽ കുഞ്ഞുങ്ങൾ ക്കായി ഒരു പ്ലേസ്ക്കൂൾ ഇന്നും നടക്കുന്നുണ്ട്. സമുദായം ഇവിടെ 22/6/1992ൽ ഒരു ചാപ്പൽ പണിയുകയുണ്ടായി.

ഇത് ഒരു പ്രാർത്ഥനാലയം ആക്കി തീർക്കണ മെന്നുള്ള ആഗ്രഹപ്രകാരം ഇവിടെ ഒരു ധ്യാനകേന്ദ്രം പണിയുകയുണ്ടായി. അഭി.വലിയ മെത്രാപ്പോലീത്ത വിദേശ സന്ദർശനം നടത്തി 2 കോടി രൂപ മുടക്കി മനോഹരമായ Dormitory, Messhall, Hostel എന്നിവ നിർമ്മിക്കുകയും തറവാട് വീട് നവീകരിക്കുകയും ചെയ്തു. വൈദിക ധ്യാനം, സൺഡേ സ്കൂൾ കുട്ടികൾക്കുള്ള പരിശീലനം, വനിതാ സമ്മേളനങ്ങൾ, ദൈവവിളിക്യാമ്പ്, ക്നാനായ കോൺഗ്രസ് സമ്മേളനങ്ങൾ മുതലായവ ഇവിടെ നടക്കുന്നു.

ഈ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ ആയി റവ. ഫാ. ഷാജി പുത്തൻപുരയ്ക്കൽ, റവ.ഫാ.മാത്യു കല്ലോലിക്കൽ, റവ.ഫാ. അജു കരിമ്പന്നൂർ എന്നിവർ സേവനം അനുഷ്ടിച്ചു. റവ.ഫാ. ബിബിൻ തിരുനിലം, റവ. ഫാ. സിജിൽ വിലങ്ങൻപാറ, റവ. ഫാ. നോബിൻ ഇളകുറ്റൂർ, റവ. ഫാ.ജിജി പുത്തൻപുരയ്ക്കൽ, റവ. ഫാ. മനോജ് മുണ്ടിയത്ര, റവ. ഫാ.ജേക്കബ് തുരുത്തിക്കോണം, റവ. ഫാ.നിഥിൻ സണ്ണി എന്നീ വൈദികർ ധ്യാനങ്ങൾ ക്ക് നേതൃത്വം നൽകി.

28-4-2018 മുതൽ സുഖാർ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടറായി റവ. ഫാ. മാത്യു ഉതുപ്പാൻ ചെറുകരേത്തിനെ അഭി. വലിയ മെത്രാപ്പോലീത്താ നിയമിച്ചു. ധ്യാനകേന്ദ്രത്തിന്റെ വിവിധ ആവശ്യങ്ങളും നിർമ്മിതികളും, ധനസമാഹരണവും മറ്റും സുതാര്യമായി നടത്തുന്നതിനായി ധ്യാന കേന്ദ്രത്തോട് സ്ഥിരമായി ചേർന്നു പ്രവർത്തിക്കുന്ന ആളുകളെ ഉൾപ്പെടുത്തി, 13-04-19ന് ഒരു ജനറൽ ബോഡി കൂടുകയും വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനായി 25 അംഗം കമ്മറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തു. ഡയറക്ടർ റവ.ഫാ. മാത്യു ഉതുപ്പാൻ ചെറുകരേത്ത്, ട്രസ്റ്റി ശ്രീ. മാത്യുക്കുട്ടി കുറുക്കൻപറമ്പിൽ, സെക്രട്ടറി. ശ്രീ. M.Z. മോട്ടി മാലിത്ര, ജോ.സെക്ര.ശ്രീ. കെ.കെ.കുര്യൻ തൈപറമ്പിൽ എന്നിവരെ പ്രധാന ഭാരവാഹികളാക്കി. ഇവരുടെ നേതൃത്വത്തിൽ ആറ്റുതീരത്ത് Fencing ഇടുകയും, ചാപ്പലും അതിന്റെ മദ്ബഹായും നവീകരിക്കുകയും ചാപ്പലിന്റെ മുകളിൽ കുരിശുകൾ സ്ഥാപിക്കുകയും ചെയ്തു. മദ്ബഹാ മനോഹരമാക്കി വേണ്ട ചിത്രപ്പണികൾ ചെയ്തു. ഈ ചാപ്പലിന്റെ മൂറോൻ അഭിഷേക കൂദാശ 2020 ഫെബ്രു. 11-ാംതീയതി ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തുകയുണ്ടായി. ചാപ്പലിന്റെ രണ്ടു വശത്തും ഡൈനിംഗ് റൂമിന്റെ സൈഡിലും അനക്സ് പണിതു. ഇതിനോടു ചേർന്നു ധാരാളം നിർമ്മാണ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹകരിക്കു ന്ന ശ്രീമതി റീനാ ജോർജ്ജ് കേളച്ചന്ദ്ര, ധ്യാനകേ ന്ദ്രത്തിലേക്കുള്ള റോഡിന്റെ നിർമ്മാണത്തിനു വേണ്ടി പ്രവർത്തിച്ച ശ്രീ. സാബു തോട്ടുങ്കൽ എന്നിവരെ പ്രത്യേകം സ്മരിക്കുന്നു.

ഒരുപാടു കാര്യങ്ങൾ ഇനിയും ചെയ്യുവാനുണ്ട്. ഉദാരമതികളും, സുവിശേഷതൽപരരും, സമുദായ സ്നേഹികളുമായ ധാരാളം ആളുകൾ ഇതിന്റെ പ്രവർത്തനത്തിനു കൈത്താങ്ങുകൾ നൽകിയിട്ടുണ്ട്. അവരെ പ്രത്യേകമായി ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. വരവു ചിലവുകൾ സുതാര്യമാക്കുന്നതിനുവേണ്ടി ഡയറക്ടർ, ട്രസ്റ്റി, സെക്രട്ടറി എന്നിവരുടെ പേരിൽ കിടങ്ങറ കാനറ ബാങ്കിൽ ഒരു അക്കൗണ്ട് തുടങ്ങി. എല്ലാ വിശ്വാസികളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

A/C No. 5514101004999 IFSC Code: CNRB 0005514

# നോമ്പ് : തിരിച്ചറിവും പരിണാമവും യാഥാർത്ഥ്യമാക്കേണ്ട കാലം

ഫാ. മോനായി കെ. ഫിലിപ്പ്, കർക്കടകംപള്ളിൽ

ഒരു വലിയ നോമ്പുകൂടി നമ്മുടെ ജീവിതത്തിൽ ആഗതമായി. വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇത് അനർഘ ആത്മീയ പ്രയാണത്തിനുള്ള അവസരമാണ്. ഈ വർഷത്തെ നോമ്പ് ദിനങ്ങൾ കൂടുതൽ പ്രസക്തിയുള്ളതാക്കാനുള്ള ഒരു ശ്രമമാണിവിടെ. അതിനായി പേതൃത്തോ ദിനത്തിലെ വി. ഏവൻഗേലിയോൻ ഭാഗമായ വി. യോഹന്നാൻ 2:1-11 നമുക്ക് ധ്യാനിക്കാം.

വേദഭാഗത്തിലെ വിവരണം കാനാവിലെ ഭവനത്തിൽ നടക്കുന്ന വിവാഹ ആഘോഷത്തിന്റേതാണ്. ആഘോഷങ്ങളെ മഹനീയമാക്കുന്നത് അതിലെ വിരുന്നാണ്. ഈ വിരുന്നിനിടയിൽ കാനാവിലെ ഭവനത്തിൽ ഒരു കുറവ് അനുഭവപ്പെടുന്നു. അതാകട്ടെ വിരുന്നിലെ മുഖ്യഘടകമായ വീഞ്ഞും. യേശുവും, മാതാവും, ശിഷ്യന്മാരും അവിടെ ക്ഷണിക്കപ്പെട്ടിരുന്നു. ആ ഭവനത്തിലെ കുറവ് മാതാവ് മനസ്സിലാക്കുന്നു. തന്റെ പുത്രനായ യേശുവിന് ആ കുറവിനെ പരിഹരിക്കുവാൻ സാദ്ധ്യതയുണ്ടെന്ന് തിരിച്ചറിഞ്ഞ മറിയ, ആ കാര്യം യേശുവിനോട് അറിയിക്കുന്നു. യേശു അവിടെ അത്ഭുതം പ്രവർത്തിക്കുന്നു. ആ ഭവനത്തിലെ കുറവിനെ മേൽത്തരമായ സമൃദ്ധിയിലേക്ക് യേശു നയിക്കുന്നു.

ഈ വേദഭാഗത്തിന്റെ വെളിച്ചത്തിൽ നോമ്പ് വിശ്വാസിയുടെ ജീവിതത്തിലെ കുറവുകളെ തിരിച്ചറിയേണ്ട കാലമാണെന്ന ചിന്ത പകരുന്നു. നോമ്പ് കാലയളവിലെ ഉപവാസവും, പ്രാർത്ഥനകളും, പ്രത്യേക ജീവിതരീതികളുമെല്ലാം നമ്മെ നയിക്കേണ്ടത് നമ്മുടെ കുറവുകളെ കണ്ടെത്താനുള്ള വലിയ അവസരമാണ്. വി. ദൈവമാതാവ് ആ ഭവനത്തിലെ കുറവിനെ കണ്ടെത്തിയെന്നത് സൂചിപ്പിക്കുന്നത് വലിയൊരു ആത്മീക തത്വമാണ്. വിശുദ്ധന്മാരും, ശുദ്ധിമതികളുമെല്ലാം നമുക്ക് അനുഗ്രഹത്തിന്റെ ഉറവയായി മാത്രമല്ല വർത്തിക്കുന്നത്, നമ്മുടെ ജീവിതത്തെ അപഗ്രഥിക്കുവാനും സഹായിക്കുന്നു എന്നതാണ്. നോമ്പുകാലത്തിൽ തുലാസിന്റെ ഒരു തട്ടിൽ വിശുദ്ധരുടെ ജീവിതവും, മറ്റേ തട്ടിൽ നമ്മുടെ ജീവിതവും സമർപ്പിച്ച് നമ്മുടെ കുറവുകളെ കണ്ടെത്തുവാൻ ഇടയാകണം.

അശുദ്ധിയും, അധാർമ്മികതയും, ദുഷ്ടതയും മൂല്യമില്ലാത്ത ജീവിതരീതികളിൽ നിന്ന് ഒരു പശ്ചാത്താപം ഉണ്ടായി അനുതാപത്തിലൂടെയും, കുമ്പസാരത്തിലൂടെയും ലഭിക്കുന്ന ആത്മീയ ആനന്ദത്തിന്റെ അനുഭവം യാഥാർത്ഥ്യമാക്കാൻ ഈ നോമ്പിൽ നമുക്ക് ശ്രമിക്കാം.

നോമ്പ് നമുക്ക് നൽകുന്ന മറ്റൊരു ആഹ്വാനം ഇത് പരിണാമത്തിന്റെ കാലമായിത്തീരണമെന്നതാണ്. കാനാവിലെ വിവാഹ ഭവനത്തിൽ സാധാരണ വെള്ളം മേൽത്തരം വീഞ്ഞായി മാറിയത് മാതൃകയാക്കി നമ്മുടെ ജീവിതത്തെ ക്രമീകരിക്കേണ്ടതുണ്ട്. ഗുണപരമായ പരിണാമം നമ്മിൽ ഉണ്ടാകണം. നാം ഈ ലോകത്തിൽ നിലനില്ക്കുന്നത് ശ്രേഷ്ഠകരമായ അനുഭവം പ്രദാനം ചെയ്യുവാനാണ് എന്നത്



മനസ്സിലാക്കി പ്രവർത്തിക്കുക.

സ്വാർത്ഥതയുടെയും, അവിശ്വസ്തതയുടെയും, അനീതിയുടെയും, അഹങ്കാരത്തിന്റെയും വിളനിലമായി തീർന്നിരിക്കുന്ന സമൂഹത്തിൽ ജീവിക്കുന്ന നമ്മിൽ നിന്ന് വിദ്വേഷവും, സ്വാർത്ഥതയും നിറഞ്ഞ ലൗകികതയുടെ ജീവിതശൈലിയിൽ നിന്നും പരിണാമത്തിന്റെ അനുഭവം സൃഷ്ടിക്കപ്പെടാനായി നോമ്പ് നല്കുന്ന ആഹ്വാനത്തെ സ്വീകരിക്കാം.

നോമ്പ് നല്കുന്ന മൂന്നാമത്തെ ആഹ്വാനം 'അപരന്റെ നന്മ ലക്ഷ്യമാക്കി' പ്രവർത്തിക്കണമെന്നതാണ്. കാനാവിലെ ഭവനത്തിൽ യേശുവും, മാതാവും, ശിഷ്യന്മാരും മറ്റ് അതിഥികളോടൊപ്പം ക്ഷണിക്കപ്പെട്ടവരാണ്. മാതാവ് അവിടുത്തെ കുറവിനെ തിരിച്ചറിഞ്ഞ് അതിന് ഉത്തരം കണ്ടെത്തുന്നു. യേശു തന്റെ മാതാവിന്റെ അപേക്ഷയനുസരിച്ച് പ്രവർത്തിക്കുന്നു. അത് അവർക്ക് നന്മയായി ഭവിക്കുന്നു.

ഇന്നത്തെ ആഡംബരത്തിന്റേയും ധൂർത്തിന്റേതുമായ ജീവിതരീതിക്ക് വിപരീതമായ ഒരു ജീവിതശൈലി നാം സ്വീകരിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ ഉപവാസത്തിന്റെ അംശവും, പാഴ്ചെലവുകൾ ഒഴിവാക്കി അവയെല്ലാം മറ്റുള്ളവരുടെ നന്മയ്ക്കായി ഉപയോഗപ്പെടുത്തുവാനുള്ള ആഹ്വാനം നോമ്പ് നല്കുന്നു.

ഈ വർഷത്തെ നമ്മുടെ നോമ്പ് വിശുദ്ധിയിൽ നിന്ന് നമ്മെ അകറ്റുന്നവയെ തിരിച്ചറിയുവാനും, ദുഷ്ടതകളിൽ നിന്ന് പരിണാമം ഉണ്ടാകുവാനും, അപരന്റെ ആവശ്യങ്ങളെ അറിഞ്ഞ് അവയ്ക്ക് ഒരു കൈത്താങ്ങായി പ്രവർത്തിക്കുവാനും ഇടയാകണം. അങ്ങനെ നമ്മുടെയെല്ലാം നോമ്പുകാലം കൂടുതൽ അർത്ഥപൂർണ്ണമാകട്ടെ.

# കള്ളൻമ്മാരുടെ ഗുഹ (Den of Thieves)

ജേക്കബ് ജോസ്, മണിമലേത്ത്

വേദഭാഗങ്ങൾ: യിരമ്യാവ് 7:4-11, യെശയ്യാവ് 56:7

മത്തായി 21:12-14, മർക്കോസ് 11:15

ലൂക്കോസ് 19:46, യോഹന്നാൻ 2:13-17

വേദപുസ്തകത്തിലെ 4 സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്ന വേദഭാഗമാണ് യെരുശലേം ദേവാലയത്തിലെത്തിയ യേശു അവിടെ കച്ചവടം ചെയ്യുന്നന്നവരെ പുറത്താക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നത്. നാല് സുവിശേഷകരും ഇത് രേഖപ്പെടുത്തിയിരിക്കുന്നു. ഇവിടെ യേശു പറയുന്നു "എന്റെ ആലയം പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കി ത്തീർത്തിരിക്കുന്നു". ഇതിന്റെ ആത്മിക അർത്ഥം അല്പമൊന്നു പരിശോധിക്കാം. കള്ളന്മാരുടെ ഗുഹ എന്ന പദം യിരമ്യാവ് 7:11 നിന്നാണ് എടുത്തിട്ടുള്ളത്. മശിഹാ വരുമ്പോൾ ദേവാലയത്തിൽ ചെല്ലുന്ന സമയത്തെക്കുറിച്ച് മലാഖി പ്രവാചകൻ പ്രവചിച്ചിരുന്നു (മാലാഖി 3:1-4) അത് (സെഖര്യാവ് 6:12-13, യെശയ്യാവ് 40:4) ലെ ദശേനങ്ങളുടെ അടിസ്ഥാനത്തിൽ യഹൂദന്മാർ പ്രതീക്ഷിച്ചിരുന്നതായി യോജിക്കുന്നു. മശിഹാ ദേവാലയത്തെ ശുദ്ധീകരിച്ച് നവീകരിക്കുമെന്ന് യഹൂദന്മാർ വിശ്വസിച്ചിരുന്നു.

വാങ്ങുന്നവരും വിൽക്കുന്നവരും ഉള്ളത് ഒരു അനുഗ്രഹമായി ചിലർക്ക് തോന്നിയേക്കാം കാരണം ദേവാലയത്തിൽ അവരുടെ ന്യായപ്രമാണ ആചാരപ്രകാരം കാള, ആട്, പ്രാവ് ഇവ യാഗം കല്പിക്കാനും വേണം. ദൂരദേശത്തു നിന്ന് യെരുശലേമിലെ ആലയത്തിലേക്ക് വരുന്നവർക്ക് ഈ യാഗമൃഗങ്ങളെ ദേവാലയത്തിൽ കിട്ടുന്നത് ഉപകാരമല്ലേ? എന്നാൽ ദൈവം ആഗ്രഹിക്കുന്നത് വ്യക്തിപരമായി അവർ തന്നെ യാഗമൃഗത്തെ ഒരുക്കി യാഗത്തിന് കൊണ്ടുവരണം എന്നുള്ളതാണ്. ഊനമില്ലാത്തത്, ഒരു വയസ്സ് പ്രായമുള്ളത് തുടങ്ങി പല നിയമങ്ങളും ബാധകമായിരുന്നു. അങ്ങനെയെങ്കിൽ തങ്ങൾക്കുവേണ്ടി അറക്കപ്പെടുന്ന യാഗമൃഗത്തെ കാണുമ്പോൾ തങ്ങളുടെ പാപത്തിന്റെ അവസ്ഥ അവർക്ക് ബോധ്യമാകും. യേശു ദേവാലയം ശുദ്ധീകരിച്ച ശേഷമാണ് കുരുടന്മാരും മുടന്തന്മാരും ദേവാലയത്തിൽ പ്രവേശിച്ചതായി നമുക്ക് മനസ്സിലാക്കാം. വേദഭാഗം പരിശോധിക്കുക (മത്തായി 21:14). പഴയ നിയമകാലത്ത് ഇവർക്ക് ദേവാലയത്തിലേക്ക് പ്രവേശനം ഇല്ലായിരുന്നു (ലേവ്യാപുസ്തകം 21:18-20).

പൗലോസ് പുതിയ നിയമ വിശ്വാസികൾക്ക് എഴുതുമ്പോൾ നാം ഓരോരുത്തരേയും ആണ് ദൈവത്തിന്റെ ആലയം എന്ന് പറയുന്നത്. (1 കൊരി. 3:16,6:17) കള്ളന്മാരുടെ ഗുഹയാക്കുക എന്നതിന് പൗലോസ് പറയുന്നത് ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുക, എന്നതാണ്. യുഗങ്ങളുടെ പാറയായ ക്രിസ്തുവിൽ അടിസ്ഥാനമിട്ട സഭയോട് ചേർന്നു നിന്നു കൊണ്ട് നമുക്കും ഈ ആലയത്തെ ശുദ്ധീകരിക്കാം.


## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

## FORM IV (SEE RULE 8)

| | | |
|---|---|---|
| 1. Place of Publication | - | Chingavanam |
| 2. Periodicity of its Publication | - | Monthly |
| 3. Printer's Name | - | Fr. Jaicobkutty K. S. Kallookulam |
| Whether Citizen of Indian | - | Yes |
| Address | - | Clemis Press, M. E. Seminary, Chingavanam |
| 4. Publisher's Name | - | Fr. Jaicobkutty K. S. Kallookulam |
| Whether Citizen of Indian | - | Yes |
| Address | - | Clemis Press, M. E. Seminary, Chingavanam |
| 5. Editor's Name | - | V. Rev. Roy Mathew Mulamoottil |
| Whether Citizen of Indian | - | Yes |
| Address | - | Clemis Press, M. E. Seminary, Chingavanam |
| 6. Ownership | - | The Malankara Syrian Knanaya Arch Diocese, M.E. Seminary, Chingavanam |

**I Fr. Jaicobkutty K. S. Kallookulam, Here by declare that the particulars given above are true to the best of my knowledge and belief.**

Date 15- 3- 2020 **Sd / Publisher**

ചെറുകഥ

# പൊൻമോതിരം

ഏബ്രഹാം കല്ലിശ്ശേരി

**ഞാൻ** ഫോർത്തിൽ പഠിക്കുന്ന കാലം. അന്നാണ് കഥയുടെ ആരംഭം. ഫോർത്ത്, ഫിഫ്ത്ത്, സിക്സ്ത്ത് ഇതാണ് അന്നത്തെ ഹൈസ്കൂൾ ക്ലാസുകൾ. ക്രിസ്തുമസ് കഴിഞ്ഞതിന്റെ പിറ്റെ ഞായറാഴ്ച പള്ളി പിരിഞ്ഞു വരുമ്പോൾ അച്ചുമ്മാമ്മ പിന്നിൽ നിന്നും എന്റെ തോളത്തുതട്ടി.

എടാ കുഞ്ഞെ നിന്നോടൊരു കാര്യം പറയാനുണ്ട്.

ഞാൻ തിരിഞ്ഞുനിന്നു.

എന്താ അമ്മാമ്മേ കാര്യം.

നീ വയ്യാന്ന് പറേരുത്.

എന്നാലും കാര്യം കേൾക്കട്ടെ.

എടീ അച്ചുവേ കാര്യം പറ. അവനേക്കൊണ്ട് ഞാൻ സമ്മതിപ്പിച്ചോളാം. പറഞ്ഞുകൊണ്ട് വല്യമ്മച്ചിയും കൂടെയെത്തി.

കാര്യം മറ്റൊന്നുമല്ല. നീ ഞങ്ങടെ തോമസുകുട്ടിക്കൊരു ട്യൂഷനെടുക്കണം.

അതെങ്ങനാ അമ്മാമ്മേ ഒക്കുന്നത്. തോമസുകുട്ടി എന്നേക്കാൾ ഒരു ക്ലാസിന് മുകളിലല്ലെ പഠിക്കുന്നത്. അവൻ ഫിഫ്ത്തിലും ഞാൻ ഫോർത്തിലുമല്ലെ.

അതൊന്നും സാരമില്ല. നിന്നെക്കൊണ്ടതു പറ്റും. നിന്റെ വല്യമ്മച്ചീം അതുതന്നെയാ പറേന്നത്.

എന്റെ മറുപടിക്ക് കാത്തുനിൽക്കാതെ വല്യമ്മച്ചി പറഞ്ഞു: അച്ചുവേ നീ പൊക്കോ. ഞാനിവനേം കൂട്ടി രാവിലെയങ്ങു വന്നേക്കാം.

കേട്ടുകേഴ്‌വി പോലുമില്ലാത്ത കാര്യം. താഴേ ക്ലാസിൽ പഠിക്കുന്നവൻ മുകളിലത്തെ ക്ലാസിലെ കുട്ടിക്ക് ട്യൂഷനെടുക്കുക.

ഇടവേളകളിൽ ഞാൻ ചെറിയ കുട്ടികൾക്ക് ട്യൂഷനെടുക്കാറുണ്ടെന്നുള്ളത് ശരിയാണ്. രാവിലെയാണെങ്കിൽ ഒരു കടുംകാപ്പി, വൈകിട്ടായാൽ എന്തെങ്കിലുമൊരു പുഴുക്ക്. വല്ലപ്പോഴും ചോറു കിട്ടിയാൽ ഭാഗ്യം. പിന്നെ ഓണത്തിനോ പള്ളിപ്പെരുന്നാളിനോ കിട്ടുന്ന ദക്ഷിണ. അത് മിക്കവാറും 'എട്ടണ'യാണ് (ഇപ്പോഴത്തെ 50 പൈസ). ഇതൊക്കെയാണ് ട്യൂഷൻ ഫീസ്. അംഗങ്ങളേറെയുള്ള കുടുംബമായതുകൊണ്ട് അമ്മയ്ക്കൊരാശ്വാസമാകട്ടെന്നു കരുതി പോകുന്നതാണ്.

വല്യമ്മച്ചിയും അച്ചുമ്മാമ്മയും വലിയ കൂട്ടാണ്. രണ്ടുപേരും വിധവകൾ. ഒരാത്മാവും രണ്ടു ശരീരവും. പള്ളിയിൽ പോകുന്നതും പ്രാർത്ഥനയ്ക്ക് പോകുന്നതും ഒന്നിച്ച്. മരുമക്കളുടെ കുറ്റം പറച്ചിലാണ് പ്രധാന ഹോബി. എന്നാലും നാട്ടുകാർക്ക് വലിയ കാര്യമാണ്. ഏതാവശ്യത്തിനും കൂടെ നിൽക്കും. പരോപകാരികളാണ്.

അപ്പാപ്പന്റെ വീട്ടിൽ താമസിക്കുന്ന വല്യമ്മച്ചി അതിരാവിലയെണീറ്റ് വീട്ടിൽ വന്നു. അമ്മ കൊടുത്ത കട്ടൻകാപ്പി കുടിച്ചിട്ട് എന്നെയുംകൂട്ടി തോമസുകുട്ടിയുടെ വീട്ടിലേക്ക് തിരിച്ചു. റെയിൽവെ ലൈനിന്റെ അപ്പുറത്ത് വരട്ടാറിന്റെ തീരത്താണ് തോമസുകുട്ടിയുടെ വീട്. അല്പം നടക്കണം. ഞങ്ങൾ ചെല്ലുമ്പോൾ അച്ചുമ്മാമ്മ മുറ്റമടിച്ചുകൊണ്ട് നില്ക്കയായിരുന്നു. തോമസുകുട്ടി പല്ലുതേക്കുന്നു. ഇളയ പെങ്ങന്മാർ രണ്ടും വാഴയില കീറി കൊണ്ടുവരുന്നു. അച്ചുമ്മാമ്മ ഞങ്ങളെ കയറ്റി തിണ്ണയിലിരുത്തി. എന്നിട്ട് എല്ലാവരോടുമായി പറഞ്ഞു:

ഇതാണ് ഞാൻ പറഞ്ഞ കുഞ്ഞുമോൻ. ഇവനാ ഇനി തോമസുകുട്ടിയെ പഠിപ്പിക്കുന്നത്.

പെങ്ങന്മാരുടെ കണ്ണിൽ അത്ഭുതവും ചെറിയൊരു പരിഹാസവും.

അയ്യോ ഈ ചെറുക്കനാണോ ട്യൂഷൻ മാസ്റ്റർ.

കുശലപ്രശ്നങ്ങൾക്കിടയിൽ തോമസുകുട്ടിയുടെ അമ്മ കാപ്പിയുമായെത്തി. വല്യമ്മച്ചിക്ക് വലിയൊരു കോപ്പയിലും എനിക്ക് ഗ്ലാസിലും തന്നു.

അയ്യോ ഇവനെ നമുക്കറിയത്തില്ല്യോ. നമ്മുടെ മറിയമ്മാമ്മേടെ കൊച്ചുമോൻ.

കാപ്പികുടി കഴിഞ്ഞ് തോമസുകുട്ടി എന്നെ ചാവടിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവന്റെ പഠിപ്പും കിടപ്പുമൊക്കെ അവിടെത്തന്നെ. മേശയ്ക്കപ്പുറവും ഇപ്പുറവും കസേരയിലിരുന്ന് ഞങ്ങൾ സംസാരിച്ചു. അവന്റെ എല്ലാ പ്രശ്നങ്ങളും പറഞ്ഞു. തോൽവിയേക്കാൾ അവന്റെ മനഃപ്രയാസം മറ്റൊന്നാണ്. ഇക്കൊല്ലം ജയിച്ചില്ലെങ്കിൽ ഇളയപെങ്ങൾ അവനേക്കാൾ മുമ്പെ സിക്സ്ത് പാസ്സാകും. ഇപ്പോൾതന്നെ അവൾക്കൊപ്പം പഠിക്കുന്നത് നാണക്കേടായിരിക്കുകയാണ്. പിന്നെ അവൾ ഗേൾസ് സ്കൂളിലായതുകൊണ്ട് കുഴപ്പമില്ലെന്നേയുള്ളു.

തോമസുകുട്ടി ഫിഫ്ത്തിൽ ഇത് രണ്ടാം കൊല്ലമാണ്. ഇനിയൊന്നുകൂടി തോറ്റാൽ... അതവന് ചിന്തിക്കാൻകൂടി വയ്യ. തോമസുകുട്ടിയുടെ അപ്പൻ കുഞ്ഞച്ചന് തരക്കേടില്ലാത്ത സാമ്പത്തികസ്ഥിതിയുണ്ട്. ടൗണിലെ സ്റ്റേഷനറിക്കട നന്നായി പോകുന്നു. അറയും നിരയുമുള്ള നല്ല വീട്. തെങ്ങിൻതോപ്പ്. ആറ്റരികിൽ കരിമ്പിൻ കൃഷി. അച്ചുമ്മാമ്മയാണ് ഇതെല്ലാം നോക്കി നടത്തുന്നത്. കുഞ്ഞച്ചൻ രാവിലെ കടയിൽ പോയാൽ പിന്നെ വൈകിട്ടേ വീട്ടിലെത്തു.

തോമസുകുട്ടിയുടെ പശ്ചാത്തലമൊക്കെ മനസ്സിലാക്കി അവന്റെ ക്ലാസ്സിലെ രണ്ട് പുസ്തകങ്ങളും വാങ്ങി ഞാനും വല്യമ്മച്ചിയും വീട്ടിലെത്തി.

പിറ്റേദിവസം രാവിലെ ചെല്ലുമ്പോഴാണ് തോമസുകുട്ടിയുടെ അപ്പൻ കുഞ്ഞച്ചനെ കാണുന്നത്. പത്രം വായിച്ചുകൊണ്ടിരുന്ന കുഞ്ഞച്ചൻ പരിഹാസച്ചുവയോടെ ചോദിച്ചു: ഇവനാണോ ട്യൂഷൻ മാസ്റ്റർ. തരക്കേടില്ല. എടാ കുഞ്ഞുമോനെ തോമസുകുട്ടി ഇപ്രാവശ്യം ഫിഫ്ത്ത് പാസ്സായാൽ നിനക്ക് ഞാനൊരു പൊൻമോതിരം തരാം.

മറുപടിയൊന്നും പറയാതെ ഞാൻ തോമസുകുട്ടിയുടെ മുറിയിലേക്ക് കയറി ട്യൂഷൻ ക്ലാസ് ആരംഭിച്ചു. ദിവസം



ചെല്ലുംതോറും തോമസുകുട്ടിയുടെ പ്രശ്നങ്ങൾ ഓരോന്നായി ഞാൻ മനസ്സിലാക്കിക്കൊണ്ടിരുന്നു. അതിനുള്ള പരിഹാരങ്ങളും കണ്ടുപിടിച്ചു നിർദ്ദേശിച്ചു. ഏറ്റവും ഒടുവിൽ പറഞ്ഞത് അവനത്ര ഇഷ്ടപ്പെട്ടില്ല.

ജയിക്കണമെങ്കിൽ ഞാൻ പറയുന്നതുപോലെ ചെയ്യണം.

വൈകുന്നേരങ്ങളിൽ അപ്പനെ സഹായിക്കാനുള്ള കടയിൽപോക്ക് നിറുത്തണം.

ഇരുകൂട്ടർക്കും ഇഷ്ടക്കേടുണ്ടാക്കുന്ന കാര്യമാണത്. മോനെ കടയിലിരുത്തിയിട്ടുവേണം അപ്പന് കള്ളുകുടിക്കാൻ ഷാപ്പിൽ പോകാൻ. ഇതിനിടയിൽ കടയിൽ നിന്ന് 'ഇസ്ക്കുന്ന' കാശുകൊണ്ടാണ് മോൻ വട്ടച്ചെലവുകൾ നടത്തുന്നത്. ഇക്കൊല്ലം എങ്ങനെയും ജയിക്കണമെന്നുള്ള വാശി തലയ്ക്ക് പിടിച്ചപ്പോൾ ഇഷ്ടമില്ലാഞ്ഞിട്ടും തോമസുകുട്ടി വഴങ്ങി. ആ സമയം കൂടി എനിക്ക് ട്യൂഷനെടുക്കാൻ കിട്ടി. അത് കുഞ്ഞച്ചനെ ചൊടിപ്പിച്ചു. എങ്കിലും അച്ചുമ്മാമ്മയെ പേടിച്ച് ട്യൂഷൻ വേണ്ടെന്നൊന്നും പറഞ്ഞില്ല. എന്നാലും ഇടയ്ക്കിടയ്ക്ക് ചില കമന്റുകൾ പാസ്സാക്കും.

"എന്താ മാഷേ ഓവർടൈം ചെയ്യുവാണോ."

"പുത്രനിപ്രാവശ്യം ഫസ്റ്റ് ക്ലാസ് കിട്ടുമെന്നാ തോന്നുന്നത്."

"എന്റെ പൊൻമോതിരം പോയതുതന്നെ."

കുഞ്ഞച്ചൻ വിരലിട്ടിരിക്കുന്ന തടിച്ച മോതിരം നോക്കി പറയും.

ക്രമേണ തോമസുകുട്ടി എന്നെ മനസ്സിലാക്കി. പുസ്തകപ്പുഴുവിനെപ്പോലെ കുത്തിയിരുന്നു പഠിക്കുന്ന രീതിയൊക്കെ ഞാൻ മാറ്റിയെടുത്തു. ചിരിച്ചും കളിച്ചും തമാശ പറഞ്ഞും ഞങ്ങൾ നല്ല സുഹൃത്തുക്കളായി. എന്റെ പെരുമാറ്റം അവന്റെ ജീവിതത്തിലും മാറ്റങ്ങൾ വരുത്തി. ഇടയ്ക്കിടെ സിഗരറ്റ് വലിച്ചും സിനിമ കണ്ടും നടന്നവൻ അതൊക്കെവിട്ട് എന്നും പത്രം വായിക്കാൻ തുടങ്ങി. സാഹിത്യകൃതികളും വായിക്കാൻ ഞാൻ പ്രേരിപ്പിച്ചു. ഇതൊക്കെ അവന്റെ ആത്മവിശ്വാസം വർദ്ധിപ്പിച്ചു. പരീക്ഷാപേടിയും പമ്പകടന്നു.

എനിക്കറിയാൻ പാടില്ലാത്ത കണക്കുകളും മറ്റും അടുത്തുള്ള കൃഷ്ണൻ നായർ സാറിനോട് ചോദിച്ചു മനസ്സിലാക്കി തോമസുകുട്ടിയെ പഠിപ്പിച്ചു. പഴയ ചോദ്യക്കടലാസുകൾ സംഘടിപ്പിച്ച് അവനെക്കൊണ്ടുതന്നെ ഉത്തരങ്ങൾ എഴുതിച്ചു. ഇപ്രാവശ്യം എങ്ങനെയും ജയിക്കണമെന്നുള്ള വാശി തോമസുകുട്ടിയിൽ കുത്തിവച്ചു.

വർഷാവസാന പരീക്ഷയുടെ തലേന്ന് കുഞ്ഞച്ചൻ ചോദിച്ചു: എന്താ സാറെ ഇപ്രാവശ്യം വിദ്യാർത്ഥി ജയിക്കുമല്ലോ അല്ലെ.

ജയിക്കും. പക്ഷെ, "യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവൻ വൃഥാ അദ്ധ്വാനിക്കുന്നു. യഹോവ പട്ടണം കാക്കാതിരുന്നാൽ കാവൽക്കാരൻ വൃഥാ ജാഗരിക്കുന്നു."

കൊള്ളാം. പണിതുപണിത് എനിക്കിട്ട് പണിയാതിരുന്നാൽ മതി.

ഇതിനിടയിൽ അച്ചുമ്മാമ്മ ഇടപെട്ടു.

കുഞ്ഞച്ചാ നീ ഇടംകോലിടാതെ ഒന്നുപോ. അവൻ ഇപ്രാവശ്യമെങ്കിലും ഒന്നു ജയിക്കട്ടെ.

അന്ന് കാപ്പിയുമായി വന്ന ഇളയ പെങ്ങൾ ചിരിച്ചുകൊണ്ട് പതുക്കെ പറഞ്ഞു: സാറെ പണി ബോധിച്ചു. ഇനി നാളെ മുതൽ വരേണ്ട.

പരീക്ഷ കഴിഞ്ഞ് സ്കൂളടച്ചു. ഒരു മാസം കഴിഞ്ഞ് റിസൽട്ടറിഞ്ഞു. അത് സംഭവിച്ചു. തോമസുകുട്ടി ജയിച്ചു. ഇനിയിപ്പോൾ കുഞ്ഞച്ചൻ എന്തു പറയുമെന്നറിയാനായി ഞാൻ പിറ്റേന്നുതന്നെ തോമസുകുട്ടിയുടെ വീട്ടിലെത്തി.

അച്ചായോ ഇപ്പഴെങ്ങനിരിക്കുന്നു.

നീയെന്നെ തോല്പിച്ചു കളഞ്ഞല്ലോടാ കുഞ്ഞുമോനെ.

ഞാൻ ചിരിച്ചതല്ലാതെ മറുപടിയൊന്നും പറഞ്ഞില്ല. അപ്പോൾ അച്ചുമ്മാമ്മ കുഞ്ഞച്ചനെ വിളിച്ച് അകത്തുകയറ്റി.

നീയാ കുഞ്ഞുമോന് വല്ലോം കൊടുക്ക്. ഒന്നുമില്ലേൽ ഒരു കൊല്ലം മോനെ പഠിപ്പിച്ചതല്ലെ.

കുഞ്ഞച്ചൻ ഒരു പഴയ രണ്ടു രൂപാ നോട്ടെടുത്ത് എന്റെ നേർക്ക് നീട്ടി.

ഇതാ ഇതു വച്ചോ. ഞാൻ പറഞ്ഞു:

ഇത് അച്ചായൻ തന്നെയങ്ങു വച്ചോ. സമയം കിട്ടുമ്പോൾ 41-ാം സങ്കീർത്തനം ഒന്നു വായിക്കണം.

●



# മലർവാടിക്കൂട്ടം

അതിശക്തമായ ഒരു വേനൽക്കാലം ഒരു യുവാവിന് ആഥൻസിൽനിന്നും മെഗരവരെ പോകേണ്ടിയിരുന്നു. അയാൾ ഒരു കഴുതയെ വാടകയ്ക്കെടുത്തു. മദ്ധ്യാഹ്നമായപ്പോൾ ഉഷ്ണം അസഹ്യമായി. ബോധം കെട്ടു വീഴും എന്നു തോന്നി യുവാവിന്, അയാൾ ഉടനെ താഴെയിറങ്ങി കഴുതയുടെ നിഴലിൽ വിശ്രമിക്കാൻ മുതിർന്നു.

കഴുതയെ നടത്തിക്കുന്ന ആൾ സമ്മതിച്ചില്ല. ആ നിഴലിൽ തനിക്കും വിശ്രമിക്കാൻ അവകാശമു ണ്ടെന്നായിരുന്നു അയാളുടെ വാദം.

എന്ത്? ഈ യാത്ര തീരുന്നതുവരെ കഴുതയെ ഞാൻ വാടകയ്ക്ക് എടുത്തിരിക്കുകയല്ലേ? യുവാവ് ചോദിച്ചു. അതെ സമ്മതിക്കുന്നു. കഴുതയെ നടത്തിക്കുന്ന ആൾ പറഞ്ഞു. പക്ഷേ നിങ്ങൾ കഴുതയെ മാത്രമേ വാടകയ്ക്കെടുത്തിട്ടുള്ളു. കഴുതയുടെ നിഴൽ എടുത്തിട്ടില്ല. രണ്ടുപേരും നിഴലിനെ സംബന്ധിച്ച് വഴക്കിട്ടുകൊണ്ടിരിക്കെ കഴുത തനിക്ക് വിശ്രമിക്കാൻ ഒരു തണൽ അന്വേഷിച്ച് ഓടിപ്പോവുകയും ചെയ്തു.

(ഉള്ളത് പങ്കിടാതെ വഴക്കടിച്ചാൽ ഉള്ളതും നഷ്ടമാകും).

---

**NAZARETH ASRAMAM, OTHERA**
**26.01.2020 to 24.02.2020**

Donations
Thomas & Family Thoppil Trivandrum 2500/-
Dr.Judy Jays Bangalore 10000/-

**Feast**
Evan Joy Jittu Kondijoor Kaviyoor
Sponsorship
Sabu KurakoseKavumgal Purayil Ranni 4000/-

**Fr.Mathew Uthuppan Cherukarethu**
Secretary / Director



# ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

**പാഠഭാഗം യെശയ്യ 35 to 66 മത്തായി. 15 to 28**

1. ദൈവം ഉള്ളം കൈകൊണ്ട് അളന്നതെന്ത്?
2. വി. മത്തായിയുടെ സുവിശേഷത്തിൽ 'സഭ' എന്ന വാക്ക് രേഖപ്പെടുത്തിയിട്ടുള്ള വേദഭാഗം ഏത്?
3. യേശുവിനെ സംസ്ക്കരിക്കുവാൻ കല്ലറ നല്കിയതാര്?
4. പെസഹാക്കുശേഷം യേശുക്രിസ്തു പോയതെവിടേക്ക്?
5. യരുശലേം ദേവാലയത്തിൽ കച്ചവടം നടത്തിയ വരെ പുറത്താക്കിയശേഷം യേശുക്രിസ്തു വിശ്രമിച്ച സ്ഥലം ഏത്?
6. കുരുടന്മാരായ വഴികാട്ടിൾ എന്ന് യേശുക്രിസ്തു പറഞ്ഞതാരെക്കുറിച്ച്?
7. എന്റെ അഭിഷിക്തൻ എന്ന് ദൈവം അരുളിചെയ്ത പാഴ്സിരാജാവാര്?
8. ക്രിസ്തുവിന്റെ ഐഹിക ജീവിതകാലത്തെ ക്കുറിച്ച് യെശയ്യാ പ്രവാചകൻ മൊത്തത്തിൽ എഴുതിയിരിക്കുന്ന വേദഭാഗം ഏത്?
9. "ഇന്നത്തെപ്പോലെ നാളെയും കേമത്തിൽതന്നെ" അത് എന്തെണെന്നാണ് യെശയ്യാവ് പറഞ്ഞിട്ടു ള്ളത്?
10. ചതഞ്ഞ ഓടക്കോൽ എന്ന് യെശയ്യാവ് പരാമർശിച്ചിട്ടുള്ളതാരെക്കുറിച്ച്?

**ഫെബ്രുവരി മാസത്തിലെ ഉത്തരങ്ങൾ**

1. രക്ഷ വിളയേണ്ടിതിനുവേണ്ടി (യെശ. 45:8)
2. നായ (യെശ. 56:11)
3. സകല ജാതികളുടെയും (യെശ. 56:7)
4. രണ്ടുപേരെ (മത്താ. 20:30)
5. 2 പേർ (മത്താ. 21:1)
6. സെഖര്യാവ് (മത്താ. 21:4)
7. ദൈവദൂഷകൻ (മത്താ. 26:65)
8. യൂദാ. (മത്താ.27:5)
9. വീണ്ടെടുക്കപ്പെട്ടവർ (മത്താ. 35:9)
10. ഹീസ്കിയാവ് (യെശ.38:9)


മലങ്കര സുറിയാനി ക്നാനായ
സുവിശേഷ സമാജം
ക്നാനായ കൺവൻഷൻ 2020

## നാൽപതാം ചരമദിനം

12.03.2020



## കുഞ്ഞുമോൾ സഖറിയ

മണക്കാട്ട്, ചിങ്ങവനം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 1 – ാം ചരമവാർഷികം

02 – 03 – 2020



## എം. എ. ജോസ്

മാലീയ്ക്കൽ, പുളിമുക്ക്, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 3rd Death Anniversary

13-04-2020



## K.J. Zachariah (Soman)

Kizhakkemuriyil,
Muttada, Trivandrum

"നിൻ ശരണത്തിൽ നിദ്രിതനാം
ദാസനു മശിഹാ സ്മൃതി നൽകി
നിൻ മഹിമോദയ ദിവസത്തിൽ
വലഭാഗത്തായ് ചേർക്കേണം"

By Sorrowing Family

Advt -

## 40 – ാം ചരമദിനം

15 – 03 – 2020



## സി. കെ. ജേക്കബ് (63)

ജേക്കബ്കുട്ടി

ചെറിയമൂഴിയിൽ, റാന്നി

""കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O






## 1st Death Anniversary

10-03-2020

# Annamma Abraham

**(Suja Konamala)**

**CHICAGO**

**Love you always Amma**

**Roymon Konamala,**
**Shon, Emil and Sheethel**

Advt -O

## First Birthday in Heaven

**02- 04 -2020**



## SOSAMMA KURIAKOSE

(അമ്മിണിക്കുട്ടി)

**Thundiyil House**

**Malakunnam, Kurichy**

By Sorrowing Family

Advt - O

## 1 – ാം ചരമവാർഷികം

**15–03–2020**



## വത്സമ്മ ബെനിൻ

**കണ്ണാട്ടിപ്പുഴയിൽ, തെങ്ങേലി**

**"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൾ വലഭാഗത്തിൽ"**

*ഭർത്താവ്– ബെനിൻ കുറിയാക്കോസ്*

*മക്കൾ– ജോബിൻസ്, ജിബിൻസ്*

Advt - O

## 6 – ാം ചരമവാർഷികം

**31–03–2020**



## ആനി ഏബ്രഹാം

**w/o ഫാ. കെ. സി. ഏബ്രഹാം**

**കട്ടത്തറ, നീലംപേരൂർ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായ് നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 2 – ാം ചരമവാർഷികം

**12–03–2020**



## പാച്ചി ഉതുപ്പാൻ

**കൈപ്പുഴ, മുണ്ടപ്പുഴ, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

1 – ാം ചരമവാർഷികം
01 – 03 – 2020

19 – ാം ചരമവാർഷികം





**V. U. ഉതുപ്പാൻ**
(കുഞ്ഞുമോൻ)
(വിദ്യാഭ്യാസ വകുപ്പ് റിട്ട. ഉദ്യോഗസ്ഥൻ)

**അമ്മിണി ഉതുപ്പാൻ**

വാളംപറമ്പിൽ, നീലംപേരൂർ

മക്കൾ – പ്രീത, പ്രിനോ
മരുമക്കൾ – റോയി, ഷിജി
കൊച്ചുമക്കൾ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

---

സ്നേഹ സ്പന്ദനങ്ങൾ

25 – ാം ചരമവാർഷികം
24 – 03 – 2020

31 – ാം ചരമവാർഷികം
20 – 05 – 2020



**K. O. കുറിയാക്കോസ്**

**ശോശാമ്മ കുറിയാക്കോസ്**

കൂർക്കക്കാലായിൽ, ചിങ്ങവനം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

---

25 – ാം ചരമവാർഷികം
09- 03 -2020

1 – ാം ചരമവാർഷികം
01- 03 -2020



**സ്കറിയ സ്കറിയ**
(കറിയാക്കുട്ടി)

**അമ്മിണി സ്കറിയ**

മണിമലപാറയിൽ, ചിങ്ങവനം

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R



# 7 – ാം ചരമവാർഷികം

26 – 03 – 2020

## C. M. കുര്യൻ

ചാലുപറമ്പിൽ

Texas, U.S.A

Sorrowing Family

Advt - O



The Cross of Christ has conquered Death

## 3rd Year of Demise

02-04-2020

## JOSE MATHEW (MONCEY)

ELAYASSERIL, KUTTOOR, THIRUVALLA

Advt - O

Till we meet in that heavenly shore again...
Everloving family

2 – ാം
ചരമവാർഷികം
16-04-2020

5 – ാം
ചരമവാർഷികം
04-03-2020





**K. S. Mathew (Tomy)**

**Litto K. Mathew**

Advt - R

**Kdaithara, Chingavanam**

By Sorrowing Family

4 – ാം ചരമവാർഷികം
28-03-2020




**ചിന്നമ്മ ഏബ്രഹാം**

കല്ലുകുഴിയിൽ, കവിയൂർ

Advt - R

*സന്തപ്ത കുടുംബാംഗങ്ങൾ*

ക്നാനായ ദീപത്തിന്റെ
ആദരാഞ്ജലികൾ



**വെരി. റവ. കെ. സി. ആൻഡ്രൂസ്
കോർ– എപ്പിസ്ക്കോപ്പാ**

കൊച്ചുപറമ്പിൽ

“ആചാര്യേശാ മിശിഹാ കൂദാശകളർപ്പിച്ചോരീ
ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം”

29th Death Anniversary
24- 03-2020



**Rev. Fr. K. I. ABRAHAM
COR-EPISCOPA**

**Kizhakkemuriyil, Aythala**

Advt - O

By Sorrowing Family

## 2 – ാം ചരമവാർഷികം

21 – 03 – 2020



## പി. ഐ. ഏബ്രഹാം

(കുഞ്ഞവറാച്ചൻ)

പഴയപീടികയിൽ, കല്ലിശ്ശേരി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 14 – ാം ചരമവാർഷികം

17 – 03 – 2020



## മാത്യു അലക്സാണ്ടർ

മണ്ണാട്ടുകോയിപ്പുറത്തുപറമ്പിൽ, ഇരവിപേരൂർ

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 2 – ാം ചരമവാർഷികം

17 – 03 – 2020

## 7 – ാം ചരമവാർഷികം

03 – 03 – 2020





## സ്കറിയാ മാത്യു അന്നമ്മ മാത്യു

ഉറുമ്പിക്കുന്നേൽ, തുരുത്തിക്കാട്

""കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 8 – ാം ചരമവാർഷികം

10 – 03 – 2020



## കുഞ്ഞൂഞ്ഞമ്മ പുന്നൂസ്

പനച്ചമൂട്ടിൽ, മാന്നാർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

**6 –ാം ചരമവാർഷികം**

22–03–2020




## കെ. ഒ. ജോസഫ് (ബേബി)

**കടക്കേത്ത്, മന്ദമരുതി, റാന്നി**

**5 –ാം ചരമവാർഷികം**

25–03–2020



## കെ. ഒ. സഖറിയ (കറിയാച്ചൻ)


**കടക്കേത്ത്, തോട്ടമൺ, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

**7 –ാം ചരമവാർഷികം**


25–03–2020



**Abraham Pappen**

**23 –ാം ചരമവാർഷികം**

19–01–2020



**M. P. Raju**

**Mepparathu, Blockpadi, Ranny**


"“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

**3 –ാം ചരമവാർഷികം**

06–03–2020



## റ്റി. കെ. ജോയി

**പടിഞ്ഞാറെതോപ്പിൽ**
**കുറ്റൂർ, തിരുവല്ല.**

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S



# 5 – ാം ചരമവാർഷികം

16 – 03 – 2020

## എം. പി. മാത്യു (മാത്തുക്കുട്ടി)

മാലത്തുശ്ശേരിൽ, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായ്
നിത്യതയുടെ തീരത്തു
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

# 11 – ാം ചരമവാർഷികം

17 – 03 – 2020



## K.P. Jacob (Sabu)

കാരിക്കൊമ്പിൽ, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

# 2 – ാം ചരമവാർഷികം

04 – 03 – 2020



## അച്ചാമ്മ മാത്യു

മുണ്ടപ്ലാക്കൽ, പുതുശ്ശേരിമല, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S



# 40th Day of Demise

**26-03-2020**

## SAM KURIAKOSE

**MANGACHALIL, PUNALUR**


" മഹത്വത്തിൻ തീരത്തു വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 40 – ാം ചരമദിനം

**09 – 03 – 2020**



## കുര്യൻ രാജൻ (76)

**കോഴിമറ്റത്തിൽ (മുട്ടത്തുകടവിൽ)**

**ചിങ്ങവനം**

""കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 40 – ാം ചരമദിനം

**28 – 03 – 2020**



## എം. സി. ചാക്കോ

**മണിമല, ചിങ്ങവനം**

""കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1 – ാം ചരമവാർഷികം

31 – 03 – 2020



### തങ്കമ്മ തോമസ് (മന്നാമ്മ)

കുഴിപറമ്പിൽ, കറ്റോട്

സന്തപ്ത കുടുംബാംഗങ്ങൾ

Advt -

## 40 – ാം ചരമദിനം

05 – 03 – 2020



### വി. ഒ. സജു

വെട്ടിമൂട്ടിൽ, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 1 – ാം ചരമവാർഷികം

20 – 03 – 2020



### മേരി തോമസ്

കുന്നിരിയ്ക്കൽ, റാന്നി

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 40 – ാം ചരമദിനം

06 – 04 – 2020



### തങ്കമ്മ ഫിലിപ്പ്

കുറ്റിശ്ശേരിൽ, ചിങ്ങവനം

"നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ"

Advt -




ഫാ. റോയി മാത്യൂസ് കോറെപ്പിസ്‌ക്കോപ്പ, മുളമൂട്ടിൽ

# പ്രശ്നങ്ങളെ എങ്ങനെ അഭിമുഖീകരിക്കാം

പ്രശ്ന നിബിഡമായ ഒരു ലോകത്താണ് നാം ജീവിക്കുന്നത്. ലോകമനുഷ്യർക്കും ദൈവമക്കൾക്കും ഒരുപോലെ പ്രശ്നങ്ങൾ ഉണ്ട്. എന്നാൽ ഇരുകൂട്ടരും രണ്ട് വ്യത്യസ്ഥ മനോഭാവത്തോടുകൂടിയാണ് പ്രശ്നങ്ങളെ നേരിടുന്നതെന്നു മാത്രം. പ്രശ്നങ്ങളോട് ദൈവമക്കളുടെ മനോഭാവം എന്തായിരിക്കണം എന്ന് നമുക്ക് തിരുവചന വെളിച്ചത്തിൽ ചിന്തിക്കാം.

സങ്കീ. 34:1 ഞാൻ യഹോവയെ എല്ലാകാലത്തും വാഴ്ത്തും. അവന്റെ സ്തുതി എപ്പോഴും എന്റെ നാവിൻ മേൽ ഇരിക്കും (1 തെസ്സ 5:18).

എല്ലാറ്റിനും വേണ്ടി സ്തോത്രം ചെയ്‌വീൻ. ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവയിഷ്ടം.

എല്ലാ കാലത്തും, എല്ലാറ്റിനും വേണ്ടി സ്തോത്രം ചെയ്‌വീൻ എന്ന് ദൈവം നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നു. അനുഗ്രഹങ്ങൾക്കുവേണ്ടിയും ആരോഗ്യത്തിനുവേണ്ടിയും സ്തോത്രം ചെയ്യാം. പക്ഷേ കഷ്ടതയ്ക്കുവേണ്ടി, രോഗത്തിനുവേണ്ടി, പീഢനത്തിനുവേണ്ടി സ്തോത്രം ചെയ്യണമോ? അതേ എല്ലാറ്റിനും വേണ്ടി എന്നു പറയുമ്പോൾ ഇതിൽ



എല്ലാം ഉൾപ്പെടുന്നുണ്ട്. കഷ്ടതയും രോഗവും, പീഢയും, പരീക്ഷയും ദുഃഖവും വേർപാടും എല്ലാം ഉൾപ്പെടുന്നു. ഈ സാഹചര്യങ്ങളെ മനസ്സാ ശപിക്കുകയല്ലാതെ ഇതിനായി സ്തോത്രം ചെയ്യുക എന്നത് പലരുടെയും ചിന്തയിൽ പോലും കടന്നു പോകാത്ത ഒരു കാര്യമാണ്. എന്നാൽ ഇത് നമ്മെക്കുറിച്ചുള്ള ദൈവ ഇഷ്ടം ആണെന്നു ഈ വാക്യം സ്പഷ്ടമാക്കുന്നു. ഇത് എപ്രകാരമാണ് സാദ്ധ്യമാകുന്നത്.

## 1. പ്രശ്നങ്ങൾ ദൈവമക്കൾക്ക് അത്യന്തിക നന്മയ്ക്കാണ്.

നാം നേരിടുന്ന പ്രശ്നത്തിന് വിടുതലുണ്ടെന്നും അത് നമ്മുടെ അത്യന്തിക നന്മക്കാണെന്നും അറിയുമ്പോൾ നമുക്ക് ദൈവത്തെ സ്തുതിക്കുവാൻ കഴിയുന്നു. എന്നാൽ പ്രസ്തുത സാഹചര്യത്തിൽ നിന്ന് വിടുതലില്ലെന്നും, നാം ഇതിൽ തകർന്നുപോയേക്കുമെന്നും സാത്താൻ ആലോചന തരും- അപ്പോൾ നമ്മുടെ വിശ്വാസവും ധൈര്യവും ചോർന്നു പോകുന്നു. അങ്ങനെ നമ്മുടെ അവിശ്വാസം അത്ഭുതം പ്രവർത്തിക്കേണ്ട ദൈവത്തിന്റെ കരങ്ങളെ ബന്ധിക്കുന്നു. നാം അനുഭവിക്കേണ്ട വിജയം വൈകുന്നു. (മത്തായി 13 :58) അവരുടെ അവിശ്വാസം നിമിത്തം അവിടെ അത്ഭുതങ്ങൾ ചെയ്തില്ല. (റോമ. 11:20). അവിശ്വാസത്താൽ യഹൂദൻ ഒഴിഞ്ഞുപോയി. വിശ്വാസത്താൽ നിൽക്കുന്നു.

## 2. ക്രിസ്തുവും വിശുദ്ധന്മാരും നമുക്ക് മാതൃകയാണ്.

(1 പത്രോസ് 4:12-13) കഷ്ടത നമ്മുടെ അവകാശമാണെന്നും അതിനുവേണ്ടി നാം വിളിക്കപ്പെട്ടിരിക്കുന്നു എന്നും അത് ഒരു അപൂർവ്വകാര്യം അല്ലെന്നും തിരുവചന വെളിച്ചത്തിൽ നാം പഠിക്കുന്നു. ഇതിൽ നമ്മുടെ കർത്താവും വിശുദ്ധന്മാരും നമുക്ക് മാതൃകയായിരുന്നു. ക്രിസ്തു ജഡത്തിൽ കഷ്ടത അനുഭവിച്ചുകൊണ്ട് നിങ്ങളും അഭാവംതന്നെ ആയുധമായി ധരിപ്പീൻ. (1 പത്രോസ് 4:1, മത്തായി 16:21, റോമർ 8:17, 1 കോരി 12:16, 2 കോരി 11:20, ഫിലി.1:29, 2 തിമോ. 2:9-12, എബ്രാ 11:25.

കഷ്ടതയിൽ സന്തോഷിക്കുവാനുള്ള പ്രബോധനമാണ് ദൈവാത്മാവ് നമുക്ക് നൽകുന്നത്.

## 3. പ്രശ്നങ്ങളുടെ അനന്തരഫലത്തെ ഓർത്തു ദൈവത്തെ സ്തുതിക്കുക

പ്രതികൂല സാഹചര്യങ്ങളേയും, രോഗദുഃഖാതികളെയും സൃഷ്ടിക്കുന്നത് ശത്രുവായ പിശാചാണെങ്കിലും നമ്മെ സ്നേഹിക്കുന്ന സ്വർഗ്ഗീയ പിതാവ് അതിനെ നമ്മുടെ അത്യന്തിക നന്മയ്ക്ക് മുഖാന്തിരമാക്കുന്നു. പിശാചാണ് ഇയ്യോബിന്റെ ജീവിതത്തിൽ എല്ലാ കഷ്ടനഷ്ടങ്ങളും വരുത്തിവച്ചത്. എന്നാൽ അതിന്റെ അന്ത്യം തന്റെ സന്തോഷത്തിനും അനുഗ്രഹത്തിനും കാരണമായി. യോസഫിന്റെ സഹോദരന്മാർ തന്നെ വിറ്റു എന്നത് സത്യമാണ്. സാത്താൻ അവനെ നശിപ്പിക്കുവാൻ ശ്രമിച്ചു എങ്കിലും പ്രസ്തുത സാഹചര്യത്തെ തന്റെ ജനത്തെ പോഷിപ്പിക്കുവാനുള്ള ഒരു മാർഗ്ഗമായി ദൈവം രൂപാന്തരപ്പെടുത്തി. ഈ സംഭവങ്ങളിലെല്ലാം തങ്ങൾ നേരിടുന്ന പ്രശ്നങ്ങളുടെ അന്തിമരൂപം പൂർണ്ണമായി ഗ്രഹിക്കുവാൻ കഴിഞ്ഞില്ല എങ്കിലും അവരെല്ലാം വിശ്വാസത്താൽ വിശ്വസ്ഥരായിനിന്നു കഷ്ടങ്ങളെ സഹിച്ചു. എന്നാൽ പുതിയ നിയമവിശ്വാസികളായ നമുക്ക് കഷ്ടത സഹിക്കുക മാത്രമല്ല അതിൽ സന്തോഷിക്കുവാനും പ്രസംഗിക്കുവാനും കഴിയണം.

# ഈ യാത്ര ഇനി അല്പദൂരം മാത്രം

അമ്മാൾ രാജൻ പുളിമൂട്ടിൽ, സീതത്തോട്



ഒരു തിരക്കു പിടിച്ച ബസ്സിൽ യാത്രചെയ്തുകൊണ്ടിരുന്ന സുന്ദരിയായ ഒരു പെൺകുട്ടിയുടെ അടുത്ത് മുഷിഞ്ഞ ഡ്രസ്സുമായി ഒരു വൃദ്ധയായ സ്ത്രീ വന്നിരുന്നു. അവരുടെ കൈയ്യിൽ വലിയ ഒരുകെട്ടുമുണ്ട്. അവർ വളരെ ക്ഷീണിതയാണ്. ആ പെൺകുട്ടി വൃദ്ധയായ സ്ത്രീയുടെ കൈയ്യിൽ നിന്ന് ആ കെട്ടുവാങ്ങി പിടിച്ച് സ്നേഹത്തോടെ ചേർത്തിരുത്തി. ഇതുകണ്ട് അടുത്ത സീറ്റിലിരുന്ന മാന്യനായ ഒരാൾ പെൺകുട്ടിയോടു ചോദിച്ചു, നീ എന്തിനാണ് ഇത്ര സ്നേഹമായി ആ മുഷിഞ്ഞ കെട്ടുകളും പിടിച്ച് സ്നേഹത്തോടെ ചേർത്തിരുത്തുന്നത്. അപ്പോൾ ആ പെൺകുട്ടി പറഞ്ഞു. ഞാൻ അടുത്ത സ്റ്റോപ്പിൽ ഇറങ്ങും. ഞങ്ങൾ അടുത്തിരുന്നു കൊണ്ടുള്ള ഈ യാത്ര അല്പം ദൂരമല്ലേ ഉള്ളു. "ഈ യാത്ര ഇനി അല്പദൂരം.

സത്യത്തിൽ എന്തുമാത്രം ചിന്തിയ്ക്കേണ്ട കാര്യമാണ് ആ പെൺകുട്ടി പറഞ്ഞത്. ഒരുമിച്ചുള്ള യാത്ര ഇനി അല്പദൂരം മാത്രം - നമ്മുടെ ഈ ജീവിതം എത്ര നശ്വരമാണെന്നും ചെറുതാണെന്നും, വഴക്കുകൾ കൊണ്ടോ നന്ദികേടുകൊണ്ടോ ആരോടും ക്ഷമിയ്ക്കാതിരിയ്ക്കുന്നതുകൊണ്ടോ ഇരുൾ പരത്തേണ്ട ഒന്നല്ല ഈ ചെറു ജീവിതമെന്ന് എല്ലാവരും ഒന്ന് തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ എത്ര നല്ലതായിരുന്നു. നമുക്ക് ആരോടെങ്കിലും പക തോന്നുമ്പോൾ ഒന്നോർത്താൽ മതി അല്പകാലം മാത്രം ഈ ഭൂമിയിലെ വാസം - ഇനി അല്പ ദൂരം മാത്രം ഈ യാത്ര. ലോകത്തിലുള്ള എല്ലാ സൃഷ്ടിയും തിരുമുമ്പിൽ കണ്ണിന്റെ ഒരു ഇമവെട്ടൽപോലെ മാത്രം. പ്രഭാതത്തിൽ നിലത്തുവീഴുന്ന മഞ്ഞിൻതുള്ളികൾപോലെ മാത്രം (മഹാജ്ഞാനം 11-23).

അമ്പ് വില്ലിൽ നിന്നും, വാക്ക് വായിൽ നിന്നും, ജീവൻ ശരീരത്തിൽ നിന്നും ഒരു പ്രാവശ്യം പോയിക്കഴിഞ്ഞാൽ തിരിച്ചു ലഭിക്കില്ല. കുട്ടികൾ, ഭ്രാന്തന്മാർ, വിശക്കുന്നവർ ഇവരോട് എപ്പോഴും ദയ കാണിക്കുക. ജനനം മറ്റുള്ളവരാൽ നല്കപ്പെട്ടതാണ്, പേര് മറ്റാരോ നമ്മെ വിളിച്ചതാണ്. ധനം, വരുമാനം മറ്റാരോ നല്കിയതാണ്. ആദ്യം നമ്മെ കുളിപ്പിച്ചത് മറ്റാരോ ആണ്. ഇനിയും നമ്മെ അവസാനം കുളിപ്പിക്കുന്നതും മറ്റാരോ ആണ്. ആദ്യം നമ്മെ അണിയിച്ചൊരുക്കുന്നത് മറ്റാരോ ആണ്. അവസാനം നമ്മെ അണിയിച്ചൊരുക്കുന്നതും മറ്റാരോ ആണ്. മരണാനന്തരം നമ്മുടെ സമ്പാദ്യങ്ങളും മറ്റാർക്കൊക്കെയോ ഉള്ളതാണ്. മരണാനന്തര ക്രിയകളും മറ്റാരോ ആണ് നടത്തുന്നത്. പിന്നെ എന്തിനാണ് നാം മറ്റുള്ളവരെ വെറുക്കുന്നത്. പിന്നെ എന്തിനാണ് നാം അഹങ്കരിക്കുന്നത്. ആയതിനാൽ പരസ്പരം സഹിച്ചും ക്ഷമിച്ചും സന്തോഷത്തോടെ ഉള്ളകാലം മുന്നോട്ടുപോകാം. മാറിപൊയ്ക്കൊണ്ടിരിക്കുന്ന വാർത്തപോലെയും സമുദ്രത്തിലെ ഓളത്തിൽ കൂടി പോകുന്ന നൗക പോലെയും, അതുകടന്നുപോയി കഴിഞ്ഞാൽ പിന്നെ അതിന്റെ പാത അറിയപ്പെടുന്നില്ല (മഹാജ്ഞാനം 5:9) ഇത്രയുമേ ഉള്ളൂ ഏതു വലിയവനും ജീവിതം. അല്പം ദൂരം യാത്രചെയ്തിട്ട് ഇറങ്ങിക്കൊടുക്കണം. എല്ലാവരും ലോകമാകുന്ന വണ്ടിയിൽ യാത്രയിലാണ്. അപ്പനും, അമ്മയും, മക്കളും എല്ലാം കൂടി യാത്ര ചെയ്യുകയാണ്, അപ്പനാണോ അമ്മയാണോ മക്കളാണോ ആദ്യം ഇറങ്ങേണ്ടതെന്ന് ആർക്കും അറിയുകയില്ല. നമ്മളു പറയുന്ന സ്റ്റോപ്പിലല്ല ദൈവം തീരുമാനിക്കുന്ന സ്റ്റോപ്പിൽ ദൈവം നിശ്ചയിക്കുന്ന ആൾ ഇറങ്ങണം. ഒരുമിച്ചുള്ള യാത്ര അല്പദൂരം മാത്രം.

---

## 4. പ്രശ്നങ്ങൾ കർത്താവിന്റെ സാക്ഷികളാകുവാനുള്ള അവസരം

പ്രശ്നങ്ങളുടെ നടുവിൽ പ്രശ്നങ്ങൾക്കായി ദൈവത്തെ സ്തുതിക്കുക എന്നത് ദൈവത്തിന് നമ്മോടുള്ള താല്പര്യമാകുന്നു. കാരാഗ്രഹത്തിന്റെ ഉള്ളറയിലും, ദുഃഖത്തിന്റെ താഴ്വരയിലും ആയിരുന്ന അനേക വിശുദ്ധന്മാർ അവർ ആയിരുന്ന അവസ്ഥയിൽ ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങിയപ്പോൾ ദൈവം അവരുടെ സാഹചര്യത്തെ മാറ്റി അത്ഭുതം പ്രവർത്തിച്ചതായി കാണുന്നു."Prison to praise, Power in Praise, Answers to Praise'' എന്നീ പുസ്തകങ്ങളിൽകൂടി ഡോ. മെർലിൻ സ്തുതിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ അത്ഭുതകരമായ ശക്തിയെക്കുറിച്ചും എഴുതിയിരിക്കുന്നു. സാക്ഷികളുടെ വലിയൊരു സമൂഹം നമ്മുടെ ചുറ്റും നിൽക്കുന്നതിനാൽ നമുക്ക് ധൈര്യപ്പെടാം. നിങ്ങൾ ഇപ്പോൾ നേരിടുന്ന പ്രശ്നം എന്തുതന്നെ ആയിരുന്നാലും അതിൽ അന്ധാളിച്ചു പോകാതെ ധൈര്യമായി, അവന്റെ നിത്യമായ സ്നേഹത്തെ ഓർത്ത് അവനെ സ്തുതിക്കുവാൻ തുടങ്ങുക. അപ്പോൾ നിങ്ങളുടെ ഭാരം നീങ്ങിപ്പോകും. മദ്യപാനിയായ ഭർത്താവിനെ ഓർത്ത്, വൈകല്യമുള്ള കുഞ്ഞിനെ ഓർത്ത്, ദുർനടപ്പുകാരനായ മകനെ ഓർത്ത്, മക്കളില്ലാത്ത ദമ്പതിമാരെ ഓർത്ത്, വിവാഹപ്രായമായ മക്കളെ ഓർത്ത്, നിങ്ങളെ നിരന്തരം വേട്ടയാടുന്ന രോഗത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുക. ദൈവത്തിന്റെ അത്ഭുതപ്രവർത്തികളേയും, നിസ്തുല്യ സ്നേഹത്തേയും അവന്റെ വിശ്വസ്ഥതയേയും ഓർത്തു ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങുക. പ്രതിഫലം നിശ്ചയം അങ്ങനെ അവന്റെ സാക്ഷികളാകുക. (സങ്കീ. 50:23, ഹബക്കുക് 3:17 -19). കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ

മല്പാനോടു ചോദിക്കാം

# നോമ്പിന്റെയും ഉപവാസത്തിന്റെയും പ്രസക്തി എന്ത്?

